ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം
പുസ്തകം 36 ലക്കം 10 2013 ജൂലായ്-ഓഗസ്റ്റ്

# ഉള്ളടക്കം

*മുഖവുര*
**കാതലും കാന്തിയും** ..... 3

*വികസന സന്ദേശം*
**വേലയ്ക്ക് കൂലി കൈയോടെ;**
**3.40 ലക്ഷം പേർക്ക് ഓണക്കോടി**
കെ.സി. ജോസഫ് ..... 4

**ഇലക്ട്രോണിക് ഫണ്ട്**
**മാനേജ്മെന്റ് സിസ്റ്റം**
എം.എസ്. അബ്ദുൾ കലാം ആസാദ് ..... 6

**100 ദിനം തൊഴിലെടുത്ത**
**340312 വനിതകൾക്ക്**
**ഓണക്കോടി** ..... 13



**തൊഴിലുറപ്പ് പദ്ധതിയും**
**മോഷ്ടിക്കപ്പെട്ട കിണറുകളും**
സി.ചന്ദ്രബാബു ..... 14

**അംഗീകാരത്തിന്റെ നിറവിൽ**
**ചേർപ്പ് ബ്ലോക്ക്**
അജിത. കെ.ആർ ..... 17

**കാർഷികോത്സവമായ**
**ഓണത്തെ വീണ്ടെടുക്കാം**
മുരളീധരൻ തഴക്കര ..... 18



**പ്ലാസ്റ്റിക് മാലിന്യ പരിപാലനം**
**എങ്ങനെ യാഥാർത്ഥ്യമാക്കാം**
എം ദിലീപ് കുമാർ ..... 21



**കൂടാരകൃഷിക്ക് സാധ്യതയേറെ**
എം.എം. സുധീർബാബു, പട്ടാമ്പി ..... 26

**പുത്തൻ വികസന മാതൃകകളുമായി**
**സംയോജിത നീർത്തട പരിപാലന പരിപാടി**
കെ.ഷൗക്കത്തലി ..... 28

**ശങ്കർ**
**ദ ഗ്രേറ്റ് കാർട്ടൂണിസ്റ്റ്**
വൈ എ റഹീം ..... 31

മുഖചിത്രം

**വേലയെയൂട്ടിയവർക്ക്**
**വിരുന്നാംപോലെ വരികയാണ്**
**പൊന്നോണം**

ഫോട്ടോ: ഷഫീക്



# കത്തുകൾ

**ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ. തപാലിൽ ലഭിക്കുവാൻ**
ചീഫ് എഡിററർ
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,
വഴുതക്കാട്
ശാസ്തമംഗലം പി.ഒ
തിരുവനന്തപുരം - 695010.
എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക
email : ribkerala@gmail.com

## മനംകുളിർപ്പിക്കും ആരോഗ്യ പൂന്തോട്ടം

ആരോഗ്യ പൂന്തോട്ടമെന്നാൽ പൂന്തോട്ടം പോലെ ക്രമീകരിച്ച് പച്ചക്കറി നട്ട് മിത്ര പൂച്ചെടികളും ചേർത്ത് അലങ്കരിച്ച് വീടിന് മുന്നിൽ കൃഷി ചെയ്യുകയാണ്. ഉമ്മറത്ത് തണുപ്പും ആരോഗ്യകരമായ വായുവും ലഭിക്കുകയും കണ്ണിനാനന്ദവും ലഭിക്കുന്നു. നിസാരം ഒരു മുളക് വിത്തിട്ട് അതിൽനിന്നും കുറച്ച് മുളക് പറിച്ചെടുത്തു നോക്കൂ. എന്താനന്ദമാണ് മനസിനുണ്ടാകുക. കൂടാതെ നാം കൃഷി ചെയ്യുമ്പോൾ അത് കാണുന്നവരുടെ മനസിനും ആനന്ദം കിട്ടുന്നു. അവർ അത് പ്രോത്സാഹനം കൂടിയാണ്. കോടികൾ ചെലവഴിക്കാതെ നമുക്കാവശ്യമായ പച്ചക്കറികൾ കൃഷി ചെയ്തെടുക്കുന്നത് ധാർമികവും ദൈവികവുമായ ഉത്തരവാദിത്വം കൂടിയാണ്. നാടിന് സ്ഥിരമായ വികസനവും.

മുന്തിയ വിളവ് ലഭിച്ചില്ലെങ്കിലും ശരാശരി വിളവ് തരുന്ന ജൈവപച്ചക്കറി കൃഷിയാണ് നമുക്കാവശ്യം അതാണ് നമ്മുടെ കാലാവസ്ഥയ്ക്കും അനുയോജ്യം. രാസവളവും കീടനാശിനി പ്രയോഗവും നടത്തിയാൽ കൃഷി അധികകാലം നിലനിൽക്കില്ല. ആ കൃഷിരീതി പരിപാലിച്ചുപോകാൻ സാധാരണക്കാരന് ബുദ്ധിമുട്ടുമാണ്. അല്ലെങ്കിൽ തന്നെ ജനത്തിന് അത്തരം പച്ചക്കറികളെക്കാൾ പ്രിയം നാടൻവിഭവങ്ങളോടാണ്. വിപണിക്ക് ഒരു ബുദ്ധിമുട്ടുണ്ടാകില്ല. ഓഫീസുകളിൽ പോലും ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കുമെങ്കിൽ ഇത്തിരി മുറ്റത്ത് ഇത്തിരി കൃഷി ചെയ്യാൻ എന്തേ മടി? ഇത്തരം ലേഖനങ്ങൾ കൃഷിയിൽ താത്പര്യമുള്ളവർക്ക് വഴികാട്ടിയാകുമെന്നതിൽ സംശയമില്ല.

**പി.കെ. ആന്റണി**, കടവന്ത്ര, എറണാകുളം

## ഗ്രാമങ്ങൾതോറും പുതുവഴികൾ

സാങ്കേതിക ഗുണനിലവാരത്തികവോടെ ഗ്രാമീണ പാതകൾ നിർമിക്കാനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രമുഖമായ പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയെക്കുറിച്ച് പ്രതിപാദിച്ച ലേഖനം കണ്ടു. ഗ്രാമീണ ജനത അതിവസിക്കുന്ന ആവാസകേന്ദ്രങ്ങളെ വിപണനകേന്ദ്രങ്ങൾ ആരാധനാലയങ്ങൾ തുടങ്ങിയ ജനസാന്ദ്ര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമാണത്തിലൂടെ ദാരിദ്ര്യ ലഘൂകരണം ഉൾപ്പെടെ ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതിയാണെന്നും 2000 ത്തിലാണ് ഇത് തുടങ്ങിയതെന്നും എങ്ങനെയാണ് റോഡുകളുടെ തെരഞ്ഞെടുപ്പെന്നും (പുനരുദ്ധാരണം ഉൾപ്പെടെ) മനസിലാക്കാൻ കഴിഞ്ഞു. കൂടാതെ റോഡുകളുടെ മുൻഗണനാ പട്ടികയും തയാറാക്കുന്നതെങ്ങനെയെന്നും ധനസ്രോതസ് എവിടെ നിന്നെന്നും പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നത് എങ്ങനെയെന്നുമൊക്കെ വിവരിച്ചിരുന്നു. കേരളം ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് റോഡ് വികസനത്തിൽ കെ.എസ്.ആർ.ഡി. എയ്ക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

**ആർ. പുരുഷോത്തമൻ**, കടയ്ക്കാവൂർ

## ജലസമ്പത്തുണ്ടാകാൻ ജനം ഉണരണം

മുൻ ഫിഷറീസ് അഡീഷണൽ ഡയറക്ടർ സഞ്ജീവ് ഘോഷ് എഴുതിയ മത്സ്യോത്പാദനം ഗ്രാമീണ തൊഴിൽ സംരംഭങ്ങളിലൂടെ എന്ന ലേഖനം ഫലപ്രദമായിരുന്നു. നമ്മുടെ നാട്ടിൻപുറങ്ങളിലും മറ്റും ധാരാളം കുളങ്ങളും ജലാശയങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. മത്സ്യത്തിന് പ്രിയമേറുന്ന ഇക്കാലത്ത് അന്യസംസ്ഥാനത്തുനിന്നും കീടനാശിനികൾ ചേർത്തുവരുന്ന മത്സ്യം വാങ്ങി ഉപയോഗിക്കാതെ സമ്പന്നമായ നമ്മുടെ ജലസമ്പത്തുക്കളെ പ്രയോജനപ്പെടുത്താൻ നാം ശ്രദ്ധിക്കണം. മലയാളിക്ക് ഒഴിച്ചുകാടാനാകാത്ത മത്സ്യ കാർഷികരംഗം ഇനിയും ഉണർന്നേ തീരൂ. രാസമാലിന്യങ്ങൾ ജലാശയങ്ങളിലെ ജൈവസമ്പത്തുക്കളെ നശിപ്പിക്കാതിരിക്കാൻ നിയമം തന്നെ കൊണ്ട് വരണം. കുറഞ്ഞ വിലയ്ക്ക് ശുദ്ധമായ മത്സ്യം വാങ്ങിക്കഴിക്കാൻ പറ്റുന്ന ഒരു സമീപഭാവി നമുക്കുണ്ടാകും എന്ന് പ്രത്യാശിക്കാം.

ടി. ജഗദീഷ്, വാകത്താനം

## മുട്ടക്കോഴി വളർത്തൽ – സ്വയം സഹായസംഘങ്ങൾക്ക് പ്രയോജനപ്പെട്ടു

നല്ല ഒരു തൊഴിൽസംരംഭമായ മുട്ടക്കോഴി വളർത്തൽ എന്നും കേരളത്തിലെ സ്വയംതൊഴിൽ സംരംഭകർ അനായാസം ഏറ്റെടുക്കാറുണ്ട്. പക്ഷെ, പലപ്പോഴും അവർക്ക് ശാസ്ത്രീയമായ അറിവില്ലായ്മ കാരണം കോഴിവളർത്തൽ ആദായകരമല്ലാതായി തീരുന്നു. പ്രസ്തുത ലേഖനത്തിൽ മെച്ചപ്പെട്ട തീറ്റയുക്തമായ പ്രതിരോധ നടപടികൾ, നല്ല പാർപ്പിട സൗകര്യങ്ങൾ, വിപണിയറിഞ്ഞ് മെച്ചപ്പെട്ട ഇനങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവയൊക്കെ പ്രതിപാദിച്ചിരുന്നു. ലേഖനം വായിച്ചാൽ തന്നെ ഒരു ട്രെയിനിംഗ് ലഭിച്ച മാതിരിയായിരുന്നു. കൂടാതെ ലേഖനത്തിൽ ട്രെയിനിംഗ് സൗകര്യങ്ങളുടെ വിശദീകരണവും ഉൾപ്പെടുത്തിയിരുന്നു. പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടവരുടെ നമ്പരുകൾ നൽകിയതും നന്നായി. ഇനിയും മടിക്കാതെ കോഴി കൂവുന്നതിന് മുൻപ് നന്നായി കോഴിവളർത്താൻ ശ്രമിക്കാം.

**എസ്. സ്വയംപ്രഭ**, മൂലമറ്റം

## മുഖവുര



# കാതലും കാന്തിയും

“ഗംഗാജലത്തിലല്ല പുണ്യം, ഗംഗയിലേക്കുള്ള തീർഥയാത്രയിലാണ്” എന്നു പറഞ്ഞത് വിചാരവിപ്ലവകാരിയായിരുന്ന സി.ജെ. തോമസാണ്. ഏത് സംരംഭത്തിന്റെയും പൂർണതയ്ക്കായി നാം നടത്തുന്ന ആത്മസമർപ്പണം എല്ലാ അർഥത്തിലും തീർഥാടന അനുഭൂതിതന്നെയാണ് പ്രദാനം ചെയ്യുന്നത്.

സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിൽ ഏറ്റവും വിപ്ലവകരമായ നിയമനിർമാണമായിരുന്നു മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽദാന പദ്ധതി. തൊഴിൽ ചെയ്യാനുള്ള അവസരം ഏതൊരു പൗരന്റെയും കുടുംബത്തിന്റെയും അവകാശമായി അരക്കിട്ട് ഉറപ്പിക്കുന്ന നിയമനിർമാണം. പദ്ധതി വഴിയുള്ള വേലക്കൂലി ഇടനിലക്കാരില്ലാതെ വേലയെടുക്കുന്നവരുടെ കൈവശം തന്നെ എത്തിച്ചേരുന്നു എന്നത് ഈ പദ്ധതിയുടെ മേന്മയാണ്. അതും നിയമപ്രകാരം നിശ്ചിത ദിവസത്തിനകം തന്നെ ലഭ്യമാക്കാൻ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നമ്മുടെ നാട്ടിൻപുറങ്ങളിൽ ഇലക്ട്രോണിക് മാനേജ്മെന്റ് ഫണ്ട് സിസ്റ്റവും ഏർപ്പെടുത്തിയിരിക്കുന്നു. രാജ്യത്ത് ഈ സമ്പ്രദായം ആദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്നതും നമുക്ക് ഏറെ അഭിമാനകരമാണ്. തൊഴിലെടുക്കാൻ സന്നദ്ധതയുള്ളവർക്ക് അതിനുള്ള അവസരവും അതിലൂടെ ലഭിക്കുന്ന നിയതമായ കൂലിയും കൃത്യതയോടെ ലഭിക്കുന്നു എന്നത് നിസാരമല്ല. ഇതാണ് പദ്ധതിയുടെ കാതലും കാന്തിയും.

**എഡിറ്റർ**

*എഡിറ്റർ :* **എസ്. നാസർ ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ** ● *കാമ്പയിൻ ഓഫീസർ :* **ജി. ശിശുപാലൻ**
● *അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ :* **എ. ലത്തീഫാ ബീവി** ● *മാനേജർ :* **എച്ച്. വിക്രമൻ** ● *കവർ & ലേ ഔട്ട് :* **രതീഷ്**
*ചിത്രങ്ങൾക്ക് കടപ്പാട് : ഫോട്ടോഗ്രഫി വിഭാഗം, ഐ & പിആർഡി*

*ഓഫീസ് :* റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം – 695010. ഫോൺ : 0471-2317262 email : ribkerala@gmail.com

*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല.*
*അവയുടെ പൂർണമായ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.*

വാർഷിക വരിസംഖ്യ: 12 രൂപ

# വേലയ്ക്ക് കൂലി കൈയോടെ; 3.40 ലക്ഷം പേർക്ക് ഓണക്കോടി



**കെ.സി. ജോസഫ്**
ഗ്രാമവികസന മന്ത്രി

മണ്ണും മലയാളിയും ഉള്ളിടങ്ങളിലെല്ലാം ആഹ്ലാദമായി പൊന്നോണമെത്തുന്നു. പ്രകൃതി പോലും വെള്ളിവിളക്കും പിടിച്ചെത്തുന്ന കാലം. കാർഷിക സമൃദ്ധിയുടെയും ജീവിത സംതൃപ്തിയുടെയും അപൂർവ ചാരുതയാർന്നവയാണ് ഓണദിനങ്ങൾ. ഈ ഓണനാളുകളിൽ സംസ്ഥാനത്തെ തൊഴിൽമേഖലയുൾപ്പെടെ എല്ലായിടങ്ങളിലും പരമാവധി സംതൃപ്തി പ്രധാനം ചെയ്യാനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ സംസ്ഥാന സർക്കാർ പരമാവധി ശ്രദ്ധ പുലർത്തിയിരുന്നു. പ്രശ്നരഹിതമായ തൊഴിൽ മേഖല, വിലക്കയറ്റത്തിന്റെ രൂക്ഷത ലഘൂകരിക്കുന്ന ശക്തമായ നടപടികൾ തുടങ്ങിയവ ഇക്കാര്യത്തിൽ ശ്രദ്ധേയം. ഈ ഓണനാളുകളിൽ നടന്ന രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തുകാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തെ ഏറ്റവും വിപ്ലവകരവും ആശ്വാസകരവുമായ തൊഴിൽപദ്ധതി എന്ന ഖ്യാതി ഇതിനകം നേടിക്കഴിഞ്ഞ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ടവയാണിവ.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2005 ലാണ് നിയമനിർമാണം വഴി രാജ്യത്ത് നിലവിൽവന്നത്. നമ്മുടെ സംസ്ഥാനത്ത് അന്ന് രണ്ടു ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇന്ന് എല്ലാ ജില്ലകളിലും കതിരണിഞ്ഞ് കരുത്താർന്ന് വൻജീവനദായക പദ്ധതിയായി വളർന്നിരിക്കുന്നു. ആദ്യവർഷത്തിൽ 700 കോടിയായിരുന്നു പദ്ധതി തുക വിനിയോഗം. ഇന്നത് 2012-13 ആയപ്പോൾ 1415 കോടിയായി ഇത് ഉയർന്നു. 830.4 ലക്ഷം

തൊഴിൽദിന സൃഷ്ടിയിലെത്തി നിൽക്കുന്നു പദ്ധതി. 2012-13 ൽ കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരം 14.8 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകാനായിരുന്നു ലക്ഷ്യം. എന്നാൽ 16.33 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകി. 113.65 ശതമാനം നേട്ടം കരസ്ഥമാക്കിയത് രാജ്യശ്രദ്ധ തന്നെ പിടിച്ചുപറ്റി. അന്ന് ഇക്കാര്യത്തിൽ 44.35 ശതമാനം മാത്രമായി



രുന്നു ദേശീയ ശരാശരി. നമ്മുടെ സംസ്ഥാനമാകട്ടെ നേടിയത് 49.40 ശതമാനവും. ഇത് പദ്ധതിക്ക് ലഭിച്ച വൻ ജനസ്വീകാര്യതയായി ചൂണ്ടിക്കാട്ടട്ടെ.

പദ്ധതിയിലെ സ്ത്രീപങ്കാളിത്തത്തിൽ 93 ശതമാനത്തിലെത്തി നാം ദേശീയതലത്തിൽതന്നെ ഒന്നാം സ്ഥാനം നേടി. ഇങ്ങനെ പദ്ധതി സർവതല സ്പർശിയായി പുരോഗമിക്കുമ്പോഴും പദ്ധതി നിർവഹണവും അതിലേർപ്പെടുന്ന പാവപ്പെട്ട തൊഴിലാളി കുടുംബങ്ങളുടെ പ്രശ്നങ്ങൾക്കും സർക്കാർ മുന്തിയ പരിഗണനയാണ് നൽകി പോന്നിട്ടുള്ളത്. നിയമംപ്രകാരമുള്ള വേതനം ക്ലിപ്തസമയത്തിനകം ലഭിക്കുന്നില്ല എന്നുള്ള പരാതി സർക്കാർ കാണാതിരുന്നില്ല. ഇത് ഗൗരവമായിത്തന്നെ കണക്കിലെടുക്കുകയും ചെയ്തു. ഇക്കഴിഞ്ഞ ജുലായ് മാസത്തിൽ കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ഒരു ചടങ്ങ് അവിസ്മരണീയമാണ്. വിശേഷിച്ചും സംസ്ഥാനത്തെ തൊഴിലുറപ്പു പദ്ധതിയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ, പദ്ധതിയിൽ വേലയെടുക്കുന്ന കുടുംബങ്ങൾക്ക് അവരുടെ വേതനം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം വഴി നിശ്ചിത സമയത്തിനകം അവരവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്ന സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനമാണ് അവിടെ നടന്നത്. എല്ലാ ജില്ലകളിലും ഈ സംവിധാനം നിലവിൽ വന്നുകഴിഞ്ഞു എന്നതാണ് പ്രധാനം. നമ്മുടെ സംസ്ഥാനത്താണ് രാജ്യത്താദ്യമായി ഇത് നടപ്പിലാക്കുന്നത്. പദ്ധതിനിർവഹണത്തിൽ ഒട്ടേറെ ഒന്നാം സ്ഥാനം നേടിയ നമുക്ക് ഇത് തിളക്കമുള്ള മറ്റൊരു ബഹുമതിയുമാണ്.

കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ വിവരസാങ്കേതിക വിദ്യയുടെ വിസ്മയാവഹമായ സാധ്യത പ്രയോജനപ്പെടുത്തി കൂലി കൈയോടെ വേല ചെയ്യുന്നവരുടെ കൈകളിലെത്തിക്കാൻ ഈ സംവിധാനം ഏറെ സഹായകമാകും. ഇത് ഫലപ്രാപ്തിയിലെത്തിച്ച ഏവരേയും അഭിനന്ദിക്കാതിരിക്കാനാകില്ല. തിരുവോണത്തിന്റെ വരവ് വിളിച്ചറിയിച്ചുകൊണ്ട് നടന്നതായിരുന്നു ഈ സംവിധാനത്തിന്റെ ഉദ്ഘാടനമെങ്കിൽ ഓണക്കാലത്ത് തൊഴിലുറപ്പു പദ്ധതി കുടുംബങ്ങൾക്ക് ആശ്വാസകരമായ മറ്റൊരനുഭവം കൂടി നൽകാനായതിലും ഏറെ സന്തുഷ്ടിയുണ്ട്.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2005 ലാണ് നിയമനിർമാണം വഴി രാജ്യത്ത് നിലവിൽവന്നത്. നമ്മുടെ സംസ്ഥാനത്ത് അന്ന് രണ്ടു ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇന്ന് എല്ലാ ജില്ലകളിലും കതിരണിഞ്ഞ് കരുത്താർന്ന് വൻജീവനദായക പദ്ധതിയായി വളർന്നിരിക്കുന്നു. ആദ്യവർഷത്തിൽ 700 കോടിയായിരുന്നു പദ്ധതി തുക വിനിയോഗം. ഇന്നത് 2012 – 13 ആയപ്പോൾ 1415 കോടിയായി ഇത് ഉയർന്നു.**

ഇക്കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി അംഗങ്ങൾക്കായി നൽകിയിരുന്ന ഒരു വാഗ്ദാനം വിജയകരമായി നടപ്പിലാക്കിയതിലാണ് ഈ സന്തുഷ്ടി. സംസ്ഥാനത്തെ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ വനിതാ തൊഴിലാളികൾക്ക് ഓണക്കോടി വിതരണം ചെയ്യുമെന്നായിരുന്നു ആ വാഗ്ദാനം. 13.61 കോടി രൂപയാണ് സർക്കാർ ഇതിനായി അനുവദിച്ചത്. 3.40312 പേർക്ക് ഓണക്കോടി വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം കനകക്കുന്ന് കൊട്ടാര ഹാളിൽ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവഹിക്കുകയുണ്ടായി. തുടർന്ന് ജില്ലാതലങ്ങളിലെല്ലാം ഓണക്കോടി വിതരണ പരിപാടികളും നടന്നു.

വേതനവിതരണം പദ്ധതി വഴി നിയമപ്രകാരമുള്ള ആസ്തി നിർമാണം എന്നീ കാതലായ കാര്യങ്ങൾ പൂർണ അളവിൽ നേടുന്നതിൽ കരുതലോടെ നീങ്ങുമ്പോഴും പദ്ധതി തൊഴിലാളികൾക്കായി ക്ഷേമ ആശ്വാസ പദ്ധതികൾ ആവുന്നത്ര നടപ്പിലാക്കുന്നതിലും സർക്കാർ ബദ്ധശ്രദ്ധമാണ്. സ്കൂൾ തുറക്കുന്ന വേളയിൽ പദ്ധതി അംഗങ്ങളുടെ കുട്ടികൾക്ക് പഠനസാമഗ്രികൾ വാങ്ങാനുള്ള ധനസഹായം, കുടുംബാരോഗ്യ ക്ഷേമ പദ്ധതി വഴിയുള്ള സുരക്ഷാസഹായം എന്നിവ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്താദ്യമായി തൊഴിലുറപ്പു പദ്ധതി അംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തുമെന്നുള്ള സംസ്ഥാന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഏറെ ആശ്വാസപ്രദമായ ഭരണ നടപടിയാകും. ഇതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കവി പാടിയതുപോലെ വേലയെ വിരുന്നൂട്ടിയവർക്ക് വിരുന്നായിട്ടാണ് പൊന്നോണമെത്തുന്നത്. അക്ഷരാർഥത്തിൽ കവി സങ്കൽപത്തിന് അനുരൂപമെന്നോണം നടന്ന ഈ സംരംഭങ്ങൾ പദ്ധതി നാൾവഴിയിലെ ആനന്ദകരമായ അനുഭവങ്ങളാണ്.●



# ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം

എം.എസ്. അബ്ദുൾ കലാം ആസാദ്

ഇന്ത്യയിലെ ഗ്രാമീണ ജനതയ്ക്ക് ഏറ്റവും കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഒരവകാശമായി പ്രഖ്യാപിക്കുന്ന 2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫെബ്രുവരി 2 മുതൽ കേരളമുൾപ്പടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കി വരുന്നു. തൊഴിൽ നൽകുന്നതോടൊപ്പം ഈടുറ്റ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിട്ടിട്ടുള്ള തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് മൂന്നു ഘട്ടങ്ങളായാണ് പ്രാബല്യത്തിൽ വന്നത്. ആദ്യഘട്ടമായി വയനാട് പാലക്കാട് ജില്ലകളിൽ 2006-ലും, 2007 രണ്ടാം ഘട്ടം ഇടുക്കി, കാസർകോഡ് ജില്ലകളിലും മൂന്നാം ഘട്ടമായി 2008 സംസ്ഥാനത്തെ മറ്റു ജികളിലേക്കും വ്യാപിപ്പിച്ച ഈ പദ്ധതി കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ സാമൂഹിക/തൊഴിൽ സാമ്പത്തിക മേഖലകളി അഭിവൃദ്ധിയും മാറ്റങ്ങൾ വരുത്തികൊണ്ടും പരിസ്ഥിതി പുനസ്ഥാപനത്തിനും ഭൂവിഭവങ്ങളുടെ പരിപാലനത്തിനും ഗണ്യമായ സംഭാവന നല്കിയും മുന്നേറുകയാണ്.

തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്രസ്ഥാനം തൊഴിലും പ്രവൃത്തിയെടുക്കുന്ന തൊഴിലാളിയുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഏഴ് ദിവസത്തിനകം പരമാവധി 14 ദിവസത്തിനകം വേതനം നൽകണമെന്നാണ് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്.

## വേതന വിതരണം

ഈ പദ്ധതിയിൽ ഓരോ വർഷവും വേതനത്തിനായി ചിലവഴിക്കുന്ന തുക വർദ്ധിച്ചു വരുന്നതായി താഴെ പറയുന്ന കണക്കുകളിൽ നിന്നും വ്യക്തമാണ്.

## വേതന ഘടകം (ചെലവ്)

| *വർഷം* | *വേതനം* *(രൂപ ലക്ഷത്തിൽ)* |
|---|---|
| 200607 | 2474.63 |
| 200708 | 7139.51 |
| 200809 | 18459.6 |
| 200910 | 40895.06 |
| 201011 | 63010.72 |
| 201112 | 97166.69 |
| 201213 | 131689.10 |

## വേതനവിതരണത്തിലെ താമസം

ദേശീയ തൊഴിലുറപ്പു നിയമത്തിലെ വകുപ്പ് 3(3) പ്രകാരം തൊഴി ചെയ്തു കഴിഞ്ഞാൽ ഏഴ് ദിവസത്തിനകമോ പരമാവധി 14 ദിവസത്തിനകമോ വേതനം നൽകിയിരിക്കണമെന്നും അല്ലെങ്കി



ൽ പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 അടിസ്ഥാനത്തി തൊഴിലാളിക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക ദേശീയ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തി ഓരോ സംസ്ഥാനങ്ങളും നടപ്പാക്കി വരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി സുതാര്യത ഉറപ്പാക്കുക എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ രൂപകല്പന ചെയ്തിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത മാനേജ്മെന്റ് സിസ്റ്റം - (MIS) തൊഴിൽ ചെയ്ത തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ വിശദമായി വിശകലനം ചെയ്ത് പ്രത്യേക റിപ്പോർട്ട് ലഭ്യമാക്കുന്നു.

## എന്തുകൊണ്ട് വേതനം നൽകുന്നതിൽ കാലതാമസം നേരിടുന്നു

തൊഴിലുറപ്പ് നിയമത്തിൽ കൃത്യമായ വ്യവസ്ഥകൾ നിർദ്ദേശിക്കുമ്പോൾ തന്നെ സാധാരണയായി താഴെ പറയുന്ന കാരണങ്ങളാൽ വേതന വിതരണം വൈകുന്നതായി കണ്ടു വരുന്നു.

1. പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന പ്രവർത്തികളുടെ എണ്ണത്തിലുള്ള വർദ്ധനവ്
2. ഓരോ മസ്റ്റർ റോളിന്റെയും അടിസ്ഥാനത്തിൽ ചെയ്ത പണികളും മൂല്യനിർണ്ണയം നടത്തുന്നതിലെ കാലതാമസം.
3. പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ ബിൽ തയ്യാറാക്കുക, ചെക്ക് മെഷർ ചെയ്യുക തുടങ്ങിയ നടപടികൾ പണികളുടെ ബാഹുല്യം മൂലം ഏറെ വൈകുന്നു.
4. **ഓഫീസ് നടപടിക്രമങ്ങൾ**: മേൽ പറഞ്ഞ പ്രകാരം ബില്ലുകൾ തയ്യാറാക്കി തൊഴിലാളികൾക്കുള്ള വേതനം നിശ്ചയിച്ചു കഴിഞ്ഞാൽ ആയത് വിശദമായ പരിശോധനയ്ക്കും കണക്കുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുമായി പഞ്ചായത്തിലെ വിവിധ സെക്ഷനുകളിലൂടെ കടന്ന് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ മുമ്പാകെ എത്തുകയും ആയതിൻമേൽ അംഗീകാരം നേടിയശേഷം വീണ്ടും സെക്ഷനുകളിലൂടെ തുക നൽകുന്നതിനുള്ള ഉത്തരവും ചെക്കും എഴുതി സെക്രട്ടറിയ്ക്കും പ്രസിഡന്റിനും സമർപ്പിച്ച് ഒപ്പ് വാങ്ങുന്നു. ഈ ഓഫീസ് നടപടിക്രമങ്ങൾ മനുഷ്യ പ്രയത്നത്താൽ ചെയ്യേണ്ടതിനാൽ തന്നെ കണക്കുകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള ഓഫീസ് പരിശോധനകൾ അനിവാര്യവും ആയതിന്മേലുള്ള കാലതാമസം ഒഴിവാക്കുവാൻ പറ്റാത്തതുമാണ്.
5. **ബാങ്ക് അക്കൗണ്ടുകളിലേക്ക് വേതനം നൽകുന്നു:** ഓരോ തൊഴിലാളിക്കും നൽകുവാനുള്ള വേതന പട്ടിക ആയതിനുള്ള തുകയുടെ ചെക്ക് എന്നിവ സെക്രട്ടറിയും പ്രസിഡന്റും ഒപ്പിട്ടു കഴിഞ്ഞാൽ ആയത് തൊഴിലാളികളുടെ അക്കൗണ്ടുകളുള്ള വിവിധ ബാങ്കുകളിലേക്ക് നൽകുന്നു - ടി പട്ടിക പ്രകാരം പ്രസ്തുത ബാങ്ക് ബന്ധപ്പെട്ട തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ചെക്കുകൾ ബാങ്കിന്റെ ക്ലിയറൻസ് സംവിധാനത്തിലേക്ക് കളക്ഷനായി കൈമാറുകയും, ആയത് ഒന്നോ അതിലധികമോ ദിവസങ്ങൾ എടുത്ത് കളക്ട് ചെയ്യുന്ന മുറയ്ക്ക് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് വരവ് വെക്കുകയും ചെയ്യുന്നു.

ഇപ്രകാരം തൊഴിലാളിയുടെ അക്കൗണ്ടിൽ തുക എത്തിയിട്ടുണ്ടോ എന്ന് അറിയുന്നതിനായി തൊഴിലാളികൾ അല്ലെങ്കിൽ പഞ്ചായത്ത് അധികാരികൾ നിരന്തരം ബാങ്കുമായി സമ്പർക്കത്തിലായിരിക്കേണ്ടി വരുന്നു. ഇതിൽ നിന്നും നാം മനസ്സിലാക്കുത് തൊഴിലാളികളുടെ പേരിൽ ചെക്ക് എഴുതിയതിനുശേഷം നിരവധി ദിവസങ്ങൾ കഴിഞ്ഞു മാത്രമേ തുക അതാത് ബാങ്ക് അക്കൗണ്ടുകളിൽ എത്തുകയുള്ളു എന്നാണ്. ബില്ലുകൾ തയാറാക്കുന്നതിനും അവ സംബന്ധിച്ച് ഡേറ്റാ എൻട്രി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി





ഓരോ ഗ്രാമപഞ്ചായത്തിലും 60 ലക്ഷം രൂപയുടെ മേൽ പദ്ധതിയിൽ പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ അധികമായി അക്രഡിറ്റഡ് എഞ്ചിനീയർമാരുടെയും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. തുടർന്ന് രണ്ട് ലക്ഷം രൂപ ചെലവഴിക്കുന്ന സാഹചര്യത്തിൽ മാസന്തോറും അക്രഡിറ്റഡ് എഞ്ചിനീയരുടെ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കാവുന്നതാണ്. മാനവശേഷി ഉപയോഗിച്ചുകൊണ്ടുള്ള പരമാവധി നടപടികൾ സ്വീകരിച്ചിട്ടും വേതനവിതരണത്തിലെ കാലതാമസം നിലനിൽക്കുന്നതിനാൽ കേന്ദ്ര സർക്കാർ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ബാങ്കിംഗ് സംവിധാനത്തിൽ ഉണ്ടായിട്ടുള്ള സാങ്കേതിക മികവ് പ്രയോജനപ്പെടുത്തി രൂപകല്പന ചെയ്ത സംവിധാനമാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സമ്പ്രദായം. തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാവിധ പണമിടപാടുകളും സംസ്ഥാനതലത്തിൽ ഉള്ള ഒരു ബാങ്ക് അക്കൗണ്ടിൽ നിന്നും eFMS ന്റെ സഹായത്താൽ ബന്ധപ്പെട്ട വ്യക്തികളുടെ ബാങ്ക് /പോസ്റ്റ അക്കൗണ്ടുകളിലേക്ക് കോർ ബാങ്കിംഗ് സംവിധാനത്തിന്റെ സഹായത്തോടെ യഥാസമയം കൈമാറുവാൻ കഴിയും. ആദ്യഘട്ടമെന്ന നിലയിൽ തൊഴിലാളികൾക്കുള്ള വേതനം eFMS ലൂടെ നൽകുവാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഈ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് ഉടനടി നിലവി വരുത്തണമെന്ന് 2013 ജനുവരി 15,16 തീയതി ഡൽഹിയിൽ വച്ച് നടന്ന പ്രോഗ്രാം റിവ്യൂ കമ്മിറ്റിയിലും, സംസ്ഥാനത്തിന്റെ 2012-13 ലെ പരിഷ്കരിച്ച ലേബർ ബഡ്ജറ്റ് അംഗീകരിച്ച വേളയിലും കേന്ദ്ര സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പത്തനംതിട്ട, വയനാട് ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചുവെങ്കിലും കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പ്രാപ്തി, സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യയുടെ വ്യാപനം, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ വിവരസാങ്കേതിക സംവിധാനങ്ങളുടെ ശക്തി എന്നിവ പരിഗണിച്ച് സംസ്ഥാനത്തൊട്ടാകെ ഒറ്റയടിക്ക് തന്നെ ഈ സമ്പ്രദായം നിലവിൽ വരുത്തുവാൻ 15.03.2013 തീയതിയിലെ GO(MS)No.663/12/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സർക്കാർ തീരുമാനിക്കുകയും ആയത് നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## eFMS ലെ പ്രധാന സംവിധാനങ്ങൾ

1. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാവിധ പ്രവർത്തനങ്ങളുടെയും ഏകോപനം, സുതാര്യത, അക്കൗണ്ടബിലിറ്റി, മേണിറ്ററിംഗ് എന്നിവ ഉറപ്പാക്കു MGNREGA SOFT
2. തൊഴിലാളികളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ടിരിക്കുന്ന ഇലക്ട്രോണിക് ബാങ്കിംഗ് ശൃംഖല, അഥവാ കോർ ബാങ്കിംഗ് സംവിധാനം.
3. NREGA SOFT വഴി ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് വ്യത്യസ്ഥ ബാങ്കുകളിലെ ബ്രാഞ്ചുകളിലെ ഓരോ തൊഴിലാളികളുടെയും അക്കൗണ്ടുകളിലേക്ക് തൊഴിലുറപ്പു പദ്ധതിയിലെ പണം അപ്പപ്പോൾ പ്രവഹിപ്പിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ചെയ്യുന്ന നോഡൽ ബാങ്ക്.

## പുതിയ സംവിധാനത്തിൽ പദ്ധതി പണം എവിടെയാണ് സൂക്ഷിക്കുന്നത്

കേന്ദ്രസർക്കാരിൽ നിന്നു ലഭിക്കുന്ന പദ്ധതി പണം ആയതിന് നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന സംസ്ഥാന വിഹിതം എന്നിവ സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് അക്കൗണ്ടിൽ സ്വരൂപിക്കുകയും അവിടെ നിന്നും ജില്ലകളിലെ പ്രോഗ്രാം കോർഡിനേറ്റർമാർക്ക് കൈമാറുന്നു. ജില്ലാ പ്രോഗ്രാം ആഫീസർമാർ ടി തുക ആവശ്യാനുസരണം



ബ്ലോക്ക് പ്രോഗ്രാം ആഫീസർമാർക്കും – ബ്ലോക്ക് പ്രോഗ്രാം ആഫീസർമാർ ആവശ്യാനുസരണം ഗ്രാമപഞ്ചായത്തു കളിലേക്കും തുക കൈമാറുന്ന പ്രക്രി യയാണ് ഇതുവരെ നടന്നു വന്നിരുന്നത്. ഇത് പ്രകാരം വിവിധ തട്ടുകളിലെ ബാങ്ക് അക്കൗണ്ടുകളിൽ പദ്ധതി പണം കെട്ടികിടക്കുവാൻ (Parking of Funds) ഇടയാകുന്നു.

## eFMS – ലൂടെ പദ്ധതിപണത്തിന്റെ പ്രവാഹം

തൊഴിലുറപ്പ് പദ്ധതിയിൽ eFMS സംവിധാനത്തിലൂടെ പദ്ധതി പണം, ഓരോ തൊഴിലാളികളുടെയും ബാങ്ക്/ പോസ്റ്റൽ അക്കൗണ്ടുകളിലേക്ക് കൈ മാറുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ബാങ്കിനെ സ്പോൺസർ ബാങ്കാ യി നിശ്ചയിക്കേണ്ടതുണ്ട്. പ്രസ്തുത ബാങ്കിലേക്ക് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ആവശ്യ മായ തുക സംസ്ഥാന തൊഴിലുറപ്പ് ഫണ്ടിൽനിന്നും കൈമാറി നൽകുന്നു. ഈ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായ ത്തുകൾക്ക് തൊഴിലുറപ്പു പദ്ധതിയ്ക്കാ യി വേണ്ടിവരുന്ന വേതനം, സാധന സാമഗ്രികളുടെ ചിലവ്, പദ്ധതിയുടെ ഭരണചിലവ് എന്നിവ ലഎങ്ങട ലൂടെ യഥാസമയം കൈമാറുവാൻ കഴിയും.




## NREGA SOFT– ന്റെ പങ്ക്

ഈ സോഫ്റ്റ് വെയറി പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വിവിധ മോഡ്യൂളുകൾ ഉൾപ്പെടുത്തിയിരി ക്കുന്നു. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ login കൂടെ നടത്തുന്ന എൻട്രികൾ വഴി യാണ് eFMS വഴി വേതനം നൽകുന്ന ത്. ഓരോ തലങ്ങളിലും MIS നടത്തേ ണ്ട പ്രവർത്തനങ്ങൾ ചുവടെ വിവരി ക്കുന്നു.

**1. ഡേറ്റാ എൻട്രി ഓപ്പറേറ്റർ**

ഗ്രാമപഞ്ചായത്തിൽ ഓരോ പണി ആരംഭിക്കുന്നതിന് മുമ്പ് തൊഴിൽ ആവശ്യപ്പെടുന്നവരുടെ വിവരം ഉൾ പ്പെടുത്തിവർക്ക് ഡിമാന്റ് ചെയ്യുകയും തുടർന്ന് ടി തൊഴിലാളികളെ ഉൾപ്പെടു ത്തി work allocation നടത്തി ഓരോ പണിക്കും അവരെ ചുമതലപ്പെടു ത്തുന്നു. ടി പണിയിൽ പങ്കെടുക്കുന്ന വരുടെ മസ്റ്റർറോൾ ബ്ലോക്ക് തലത്തിൽ MIS നിന്നും ലഭ്യമാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഒപ്പും സീലു മായി തൊഴിൽ സ്ഥലത്ത് എത്തിച്ചു പണിചെയ്യിപ്പിക്കുന്നു. ഹാജർ രേഖപ്പെ ടുത്തിയ മസ്റ്ററോൾ ഓരോ ആഴ്ചയും ഗ്രാമപഞ്ചായത്തിലെത്തിയാൽ ആയ തിലെ ഹാജർ MIS രേഖപ്പെടുത്തി തൊഴിലാളികൾക്കുള്ള Wage list MIS തയ്യാറാക്കുന്നു. ഈ Wage list പ്രകാരം വേതനം eFMS വഴി നൽകുന്നതി നുള്ള ഓപ്ഷൻ തിരഞ്ഞെടുത്ത് സെക്രട്ടറിയ്ക്ക് അംഗീകാരത്തിനായി അയക്കുന്നതുവരെയുള്ള ചുതല പഞ്ചായത്തിലെ Data Entry Operator ടേതാണ്.

**2. സെക്രട്ടറി**

തുടർന്ന് അംഗീകാരത്തിനായി സെക്രട്ടറിയുടെ login ലഭ്യമാകും – സെക്രട്ടറി പ്രസ്തുത Wage list ലെ തൊഴിലാളികളുടെ എണ്ണം, കൂലി നിര ക്ക് ആകെ തുക എന്നിവ ഓരോന്നായി പരിശോധിച്ച് അംഗീകരിക്കുകയോ



നിരസിക്കുകയോ ചെയ്യുന്നു. തുടർന്ന് അംഗീകരിച്ച Wage list സെക്രട്ടറി ഇലക്ട്രോണിക്കലായി ഒപ്പിടുവാൻ ഡിജിറ്റ സിഗ്നേച്ചർ സർട്ടിറിക്കറ്റ് ഉപ യോഗിക്കണം – ആയതിനായി സെക്രട്ട റിക്ക് നൽകിയിട്ടുള്ള ഇലക്ട്രോണിക്ക് സംവിധാനം കമ്പ്യൂട്ടറി ബന്ധിപ്പിച്ച് വേണ്ട പിൻ നം. എൻട്രി ചെയ്യുമ്പോൾ Wage list ഫണ്ട് ട്രാൻസ്ഫർ ഓർഡ റായി മാറുകയും ആയത് സെക്രട്ടറി യുടെ ഒപ്പോടെ പ്രസിഡന്റിന്റെ അംഗീ കാരത്തിനായി പ്രസിഡന്റിന്റെ login എത്തുകയും ചെയ്യുന്നു.

### 3. പ്രസിഡന്റ്

സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് അംഗീകരിച്ച ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) പ്രസിഡ ന്റിന്റെ login ലഭിച്ച് ടി FTO പ്രസിഡന്റ് പരിശോധിച്ച് പൂർണ്ണമായി അംഗീകരി ക്കുകയോ പൂർണ്ണമായി നിരസിക്കുക യോ ചെയ്യാം. അപ്രകാരം പരിശോധിച്ച് കഴിഞ്ഞാൽ ഡി.എസ്.സി ഉപയോഗിച്ച് പ്രസിഡന്റ് ഡിജിറ്റലായി ഒപ്പിടുകയും ആയത് തുക നകുവാനുള്ള നിർദ്ദേശ വുമായി NIC യുടെ കേന്ദ്ര സർവറി ലേക്ക് താഹ File ആയി പോകുകയും ചെയ്യുന്നു.

## NIC Server ന്റെ പങ്ക്

രാജ്യത്ത് മേൽവിവരിച്ച പ്രകാരം തയ്യാറാക്കുന്ന അനേകം FTOs കൾ യഥാസമയം തന്നെ താഹകളായി NIC യിലെ കേന്ദ്ര server എത്തുന്നു. പ്രസ്തുത ഇലക്ട്രോണിക് ഫയലിൽ തൊഴിലാളിയുടെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ കഎടഇ നമ്പർ, നൽകേണ്ട തുക എന്നിവ ഉണ്ടാ കും. ഈ വിവരം ചകഇ സർവറുമായി ബന്ധിപ്പിച്ചിട്ടുള്ള സ്പോൺസർ ബാങ്കി ന്റെ സോഫ്റ്റ് വെയറിലേക്ക് അപ്പപ്പോൾ കൈമാറുന്നു. തുടർന്ന് സ്പോൺസർ ബാങ്ക് നടത്തുന്ന ഓരോ ഇടപാട് സംബന്ധിച്ച വിവിരങ്ങൾ/വിശദമായ റിപ്പോർട്ടുകൾ ഇവ NIC Server വഴി MIS – ലഭ്യമാകുന്നു.

## സ്പോൺസർ ബാങ്കിന്റെ പങ്ക്

eFMS മുഖേന നൽകുവാനുള്ള എല്ലാ തുകയും സ്പോൺസർ ബാങ്കി ൽ ആരംഭിച്ചിട്ടുള്ള സ്റ്റേറ്റ് മിഷന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്ന ത്. എൻ.ഐ.സി സെർവറിൽ നിന്നും ബാങ്കിന്റെ സോഫ്റ്റ് വെയറിലേക്ക് ലഭിക്കു

താഹ ഫയലുകൾ SBI യും അവ രുടെ അനുബന്ധ ബാങ്കുകളിലേക്കും ഉള്ളവ, മറ്റ് ബാങ്കുകളിലേക്കുള്ളവ എന്നിങ്ങനെ പ്രത്യേകമായി തരംതിരി ച്ചാണ് തുക കൈമാറുന്നതിനുള്ള നടപടികളെടുക്കുന്നത്. SBI അനു ബന്ധ ശൃംഖലയിൽപ്പെടുന്ന ഫയലു കൾ GRPT പ്രകാരവും മറ്റ് ബാങ്കുക ളുടെ ഫയലുകൾ RTGS പ്രകാരവും യഥാസമയം തന്നെ പരിശോധിച്ച് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേ ക്ക് ഇലക്ട്രോണിക്കലായി കൈമാറു കയും ആ വിവരം അപ്പോൾ തന്നെ MIS ലഭ്യമാക്കുകയും ചെയ്യും. ഇപ്രകാര മുള്ള നടപടിമൂലം ഓരോ ഇടപാടിന്റെ യും യഥാസമയ അവസ്ഥ നമുക്ക് അറി യുവാൻ കഴിയും. സംസ്ഥാനത്തെ മുഴുവൻ ഫണ്ടുകളും പ്രവഹിക്കുന്ന ഈ അക്കൗണ്ടിന്റെ എല്ലാം വിശദാംശ ങ്ങളും യഥാസമയാടിസ്ഥാനത്തിൽ ലഭ്യമാകുന്നു. കേന്ദ്രീകൃതമായ ഈ Fund Flow System ധനകാര്യ മാനേജ് മെന്റ് കൂടുത കാര്യ ക്ഷമമാക്കുവാ നും മെച്ചപ്പെടുത്തുവാനും സഹായി ക്കുന്നു.

## പോസ്റ്റൽ അക്കൗണ്ടുകൾ

eFMS കൊമേഴ്സൽ ബാങ്ക് അക്കൗ ണ്ടുകളിലൂടെ എന്ന പോലെ പോസ്റ്റൽ അക്കൗണ്ടുകളിലൂടെയും നടപ്പാക്കുന്ന തിനുള്ള നടപടികൾ ആരംഭിച്ചുകഴി ഞ്ഞു. സംസ്ഥാനത്ത് 159112 പോസ്റ്റൽ അക്കൗണ്ടുകളാണ് ഉള്ളത്. പോസ്റ്റൽ സമ്പ്രദായത്തിൽ ഓരോ സബ് പോസ്റ്റാ ഫീസിലേയും തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് സമ്പ്രദായത്തിലൂടെ നേരിട്ട് പണം കൈമാറുവാൻ കഴിഞ്ഞതിനാൽ വ്യത്യസ്ഥമായ രീതിയാണ് അവലംബി ച്ചിരിക്കുന്നത്. ആയതുപ്രകാരം ഓരോ സബ് പോസ്റ്റ് ഓഫീസ് ഉൾപ്പെട്ട Head Post Office ന്റെ നിയന്ത്രണത്തിൽ

തൊഴിലാളികൾക്ക് തുക വിതരണം ചെയ്യുന്നു. ഓരോ Head Post Office നും ഒരു കൊമേഴ്സൽ ബാങ്കിൽ അക്കൗണ്ട് ഉണ്ടാകും ഒരു HoD യുടെ കീഴിലുള്ള എല്ലാ സബ് ഓഫീസുക ളിലും തൊഴിലാളികൾക്ക് നൽകേണ്ട തുക ഒറ്റയടിക്ക് പ്രസ്തുത ബാങ്ക് അക്കൗണ്ടിലേക്ക് FTO യുടെ അടി സ്ഥാനത്തിൽ സ്പോൺസർ ബാങ്ക് കൈമാറുന്നു. അതേസമയം തന്നെ FTO യിലെ തൊഴിലാളികളുടെ വിശദാംശങ്ങൾ NIC server നിന്നും CEPT Mysore ന്റെ സോഫ്റ്റ്‌വെയർ ശേഖരിച്ച് ബന്ധപ്പെട്ട HoD കൾക്ക് കൈമാറുകയും M.I.S യിലേക്ക് response message ആയി നൽകുകയും ചെയ്യുന്നു. ഈ വിവരം HoD കൾ ബന്ധപ്പെട്ട സബ് പോസ്റ്റ് ഓഫീസ്കൾ ക്ക് ഇ-മെയിൽ ആയി കൈമാറുന്ന തോടെ സബ് പോസ്റ്റ് ഓഫീസുകൾ തൊഴിലാളികളുടെ അക്കൗണ്ടിൽ തുക വരവ് വയ്ക്കുകയും തുടർന്ന് തൊഴി ലാളികൾക്ക് തുക പിൻവലിക്കുവാൻ കഴിയുന്നതുമാണ്.



## Postal account കളുമായി ബന്ധപ്പെട്ട FTO

നേരത്തെ പ്രതിപാദിച്ച ബാങ്ക് അക്കൗണ്ടുകളിലെ FTO കൾക്ക് വ്യത്യ സ്തമായി പോസ്റ്റൽ അക്കൗണ്ടുകളു ള്ള തൊഴിലാളികൾക്കായി FTO തയ്യാ റാക്കുമ്പോൾ 2 FTO കൾ ഉണ്ടാകുന്നു. ഒന്ന് സ്പോൺസർ ബാങ്കിന് ബന്ധ പ്പെട്ട HoD യുടെ ബാങ്ക് അക്കൗണ്ടിൽ അതിന്റെ കീഴിൽ വരുന്ന സബ് ഓഫീ സുകളുടെ തൊഴിലാളികൾക്കുള്ള വേതനം ഒറ്റയടിക്ക് കൈമാറു ന്നതിനാ ണ്. രണ്ടാമത്തെ FTO, അതിൽ ഉൾപ്പെട്ട തൊഴിലാളികളുടെ പേര്, അക്കൗണ്ട് നമ്പർ, സബ് ഓഫീസ് നൽകേണ്ട തുക എന്നിവയുടെ വിശദാംശങ്ങൾ പോസ്റ്റൽ സമ്പ്രദായത്തിലെ നിയന്ത്ര ണകേന്ദ്രമായ CEPT Mysore ന് കൈമാ റുന്നു.

## ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തയ്യാറാക്കൽ

നിലവിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ചെക്കിൽ ഒപ്പിട്ട് തുക കൈ മാറുന്ന പോലെയാണ് FTO വഴിയും തുക തൊഴിലാളികൾക്ക് കൈമാറേത്.

ആയതിനായി വിവര സാങ്കേതികവിദ്യ യുടെ സഹായത്താ FTO ഡിജിറ്റലായി ഒപ്പിട്ട് വേതനം തൊഴിലാളികൾക്ക് കൈമാറണം. ആയതിന് ഉപയോഗി ക്കുന്ന ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ച് MIS ഡിജിറ്റലായി ഒപ്പിടു വാൻ പ്രാപ്തമാകുന്ന നടപടിയാണ് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കേ ഷൻ. അതിനായി പ്രസിഡന്റ്, സെക്ര ട്ടറി എന്നിവരുടെ അപേക്ഷ നിശ്ചിത ഫാറത്തിൽ NIC യ്ക്ക് നൽകണം. 555/- രൂപ ഫീസായി നൽകേണ്ടതുണ്ട്. ഒരോ വ്യക്തികളുടെയും പേരിൽ നൽ കുന്ന ഈ സർട്ടിഫിക്കറ്റിന്റെ കാലാവ ധി പ്രസിഡന്റിന്റെ കാര്യത്തിൽ ഒരു വർഷം അല്ലെങ്കിൽ വിരമിക്കൽ തീയ തി ഏതാണോ ആദ്യം, സെക്രട്ടറിയുടെ കാര്യത്തിൽ 2 വർഷം അല്ലെങ്കിൽ വിരമിക്കൽ തീയതി ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ നൽകുന്നതാണ്.

**DSC എൻറോളിംഗ്:-** പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് DSC ലഭിച്ച് കഴിഞ്ഞാൽ അത് NICയുടെ സൈറ്റിൽ എൻറോൾ ചെയ്യണം. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന് DSC കൾ ഉപയോഗിച്ച് NREGA SOFT ന്റെ സഹായത്താൽ FTO തയ്യാറാക്കുന്നതിന് പ്രാപ്തമാക്കുന്നതി നാണ് ഈ നടപടി.

സംസ്ഥാനത്തെ DSC എൻറോളിംഗി ന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചി ട്ടുണ്ട്.

## eFMS ഇതുവരെ

**1. eFMS ആദ്യമായി ഗ്രാമപഞ്ചായ ത്തിൽ:-** കേരളത്തിൽ ആദ്യമായി eFMS വഴി വേതനം നൽകിയത് വയ നാട് ജില്ലയിലെ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ആണ് അവർ 17/06/2013 തീയതിയിലെ എഠഛ പ്രകാരം 46,620/- രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തുകൊണ്ട് ഈ പ്രവർത്തനത്തിന് നാന്ദികുറിച്ചു. തുടർന്ന് 18/06/2013 വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചാ യത്തിലും, പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിലും eFMS ആരംഭിച്ചു. വയനാട്, പത്തനം തിട്ട ജില്ലകൾ പൈലറ്റ് ആയി ജില്ലകളെ നിലയിൽ eFMS ആരംഭിച്ചപ്പോൾ പൈലറ്റ് ഗ്രാമപഞ്ചായത്ത് ആയി നിശ്ചയിച്ച കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്ത് 20/06/2013 eFMS ലേക്ക് കടന്നുവന്നു.

**2. eFMS വ്യാപനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം:-** 17/06/2013 തീയതി യിൽ eFMS പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച് വിവിധ ജില്ലകളിലേക്ക് വ്യാപിപ്പിച്ചുവെങ്കിലും ആയതിന്റെ ഔപചാരികമായ സംസ്ഥാനതല ഉദ്

ഘാടനം 23/07/2013 തീയതി തിരുവനന്തപുരത്ത് വച്ച് ഗ്രാമവികസന വകുപ്പ് മന്ത്രി കെസി.ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കേരളനിയമസഭാ സ്പീക്കർ ജി.കാർത്തികേയൻ നിർവ്വഹിച്ചു. തിരുവനന്തപുരം എം.എൽ.എ കെ.മുരളീധരൻ തിരുവനന്തപുരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ എന്നിവർക്കുള്ള ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ബഹു: ഡെപ്യൂട്ടി സ്പീക്കർ ശക്തൻ നാടാർ, എം.പി. സമ്പത്ത്, എം.എൽ.എമാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായി.

ഇപ്പോൾ അനുദിനം സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തുകളിലും eFMS ആരംഭിക്കുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ഇതിനകം 306 ഗ്രാമപഞ്ചായത്തുകൾ eFMS ആരംഭിച്ചു കഴിഞ്ഞു. പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ രാജി, സ്ഥലമാറ്റം എന്നിവമൂലം തടസ്സം നേരിടുന്നുവെങ്കിലും ആഗസ്റ്റ് മാസം 31 ന് മുമ്പ് തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും eFMS സമ്പ്രദായം നിലവിൽ വരും.

## കോഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടുകൾ വഴിയും eFMS

eFMS നടപ്പാക്കുന്നതിന് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകൾ ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്ന ഇലക്ട്രോണിക് ബാങ്കിംഗ് ശൃംഖല (Core Banking System) അത്യന്താപേക്ഷിതമാണെന്ന് സൂചിപ്പിച്ചുവന്നോ? നമ്മുടെ സംസ്ഥാനത്ത് നല്ലൊരു ഭാഗം തൊഴിലാളികളുടെ അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിലാണ്. ഈ സംവിധാനത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭിക്കണമെങ്കിൽ സഹകരണ ബാങ്കുകളിലെ അക്കൗണ്ടുകളിലൂടെയും ലഎങ്ങ വഴി വേതനം വിതരണം ചെയ്യുവാൻ കഴിയണം. സംസ്ഥാനത്തെ സഹകരണ ബാങ്കുകളെല്ലാം തന്നെ സെപ്റ്റംബർ മാസത്തോടെ കോർബാങ്കിംഗ് സംവിധാനം നേരിട്ടോ മറ്റ് ബാങ്കുകളുമായി ചേർന്നോ നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഘട്ടത്തിൽ തൊഴിലാളികളുടെ അക്കൗണ്ട് നമ്പർ ബാങ്കിന്റെ IFSC നമ്പർ തുടങ്ങിയവക്ക് മാറ്റം ഉണ്ടാകുന്നതിനാൽ പുതിയ വിവരങ്ങൾ MIS ഉൾപ്പെടുത്തി അക്കൗണ്ട് വിവരങ്ങൾ freeze ചെയ്ത് ലഎങ്ങട ആരംഭിക്കുന്നതാണ്.

**ലഎങ്ങട ആധാർ അധിഷ്ഠിത പണം കൈമാറലിന്:** കേന്ദ്രസർക്കാരിന്റെ എല്ലാ ആനുകൂല്യ വിതരണങ്ങളും പണമിടപാടുകളും ആധാർ അധിഷ്ഠിത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. eFMS ആയതിന് മുന്നോടിയാണ്. MIS ലെ തൊഴിലാളികളുടെ വിവരങ്ങളോടൊപ്പം ആധാർ നമ്പർ കൂടെ ചേർത്ത് വിവരങ്ങൾ ഫ്രീസ് ചെയ്താൽ, തൊഴിലാളികൾക്കുള്ള വേതനം ആധാർ അധിഷ്ഠിത വിവരങ്ങളുടെ അടിസ്ഥാനത്തിൽ നൽകുവാൻ കഴിയും അപ്രകാരമാകുമ്പോൾ ഓരോ തൊഴിലാളിയ്ക്കും സർക്കാർ വിവിധ പദ്ധതികളിലായി നൽകുന്ന ആനുകൂല്യങ്ങൾ സഹായങ്ങൾ എന്നിവ കേന്ദ്രീകൃതമായി നിരീക്ഷിക്കുവാൻ കഴിയും. MIS ആധാർ നമ്പറുകൾ ഉൾപ്പെടുന്ന നടപടി ആരംഭിച്ചു കഴിഞ്ഞു.

## eFMS എല്ലാ പണമിടപാടുകളിലേക്കും

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ വേതനവിതരണത്തിനായി മാത്രം ആരംഭിച്ച eFMS പദ്ധതിയുടെ മറ്റ് ചിലവ് ഇനങ്ങളായ സാധനസാമഗ്രികൾ ഭരണ നിർവ്വഹണം എന്നിവകളിലേയ്ക്കുകൂടെ വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. eFMS നടപ്പാക്കിയതിൽ കേരളം കൈവരിച്ച നേട്ടം പരിഗണിച്ച് നമ്മുടെ സംസ്ഥാനത്തെ ഈ പരിപാടി നടപ്പാക്കുന്നതിനുള്ള പൈലറ്റ് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലഎങ്ങട നമുക്ക് നൽകുന്ന നേട്ടങ്ങൾ

1. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കിയിട്ടുണ്ട്.
2. മെച്ചപ്പെട്ട ധനവിനിയോഗവും ധനകാര്യ മാനേജ്മെന്റും ഉറപ്പാക്കു
3. അനാവശ്യ പേപ്പർ നടപടികൾ ഓഫീസ് രേഖകൾ എന്നിവ ഒഴിവാക്കുന്നതിനാൽ ഇത് ഒരു പ്രകൃതി സൗഹൃദ നടപടിയാണ്
4. ഇലക്ട്രോണിക് ഫണ്ട് കൈമാറ്റം ഓഡിറ്റ് നടപടികൾ സുഗമമാക്കുന്നു
5. ഡിജിറ്റൽ സിഗ്നേച്ചറിന്റെ ഉപയോഗം ഓരോ രേഖകളുടെയും കൃത്യതയും ആധികാരികതയും ഉറപ്പാക്കുന്നു
6. യഥാസമയങ്ങളിൽ അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക്കലായി ഫണ്ട് കൈമാറുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഒട്ടനവധി ജോലി ഭാരം കുറക്കുന്നു
7. തൊഴിലാളികളുടെ അക്കൗണ്ടുകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുന്നതോടെ MIS വിവരങ്ങൾ കൂടുതൽ കൃത്യവും ആശ്രയിക്കാവുന്നതുമാകുന്നു.
8. ഈ സംവിധാനം ഭരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ വ്യാപനം ത്വരിത പ്പെടുത്തുന്നു.

മേൽവിവരിച്ച പ്രകാരം ഒട്ടനവധി നേട്ടങ്ങൾ നൽകി വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ നാട്ടിലെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും പടിവാതിക്കലെത്തിക്കുന്നതിന് eFMS ന് കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു.

കേരളത്തിലെ അനേക ലക്ഷം ഗ്രാമീണ ജനങ്ങൾക്ക് ആശ്വാസ മെത്തിക്കുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി കൂടുതൽ പ്രയോജനകരവും കാര്യക്ഷമവുമായി നടപ്പാക്കുവാൻ eFMS ന്റെ വരവോടെ കഴിയും.●

*തൊഴിലുറപ്പു പദ്ധതിയുടെ ഐ.ടി. വിഭാഗം പ്രോഗ്രാം ഓഫീസറാണ് ലേഖകൻ*




# 100 ദിനം തൊഴിലെടുത്ത 340312 വനിതകൾക്ക് ഓണക്കോടി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ 340312 പേർക്ക് ഓണക്കോടി വിതരണം ചെയ്തു.

തൊഴിലുറപ്പ് പദ്ധതികൾ ജോലിക്കായി അപേക്ഷിക്കുന്നവരിൽ സ്ത്രീകൾക്ക് മുൻഗണനയുണ്ട്. ദേശീയതലത്തിൽ പദ്ധതി ആരംഭിച്ച 2006 മുതൽ സ്ത്രീപങ്കാളിത്തത്തിൽ കേരളത്തിന് ഒന്നാം സ്ഥാനമാണ്. 2010 -11 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽദിനങ്ങളിൽ 92 ശതമാനം സ്ത്രീകൾക്കാണ് നൽകിയത്. ഇത് 2011-12 ൽ 92.85 ശതമാനവും 2012 -13ൽ 92.98 ശതമാനവും നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 94 ശതമാനവുമാണിത്. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയിൽ എല്ലാംതന്നെ സ്ത്രീകൾക്ക് മുൻകൈയാണുള്ളത്. പദ്ധതിയിൽ 100 ദിവസം ജോലിചെയ്യുന്ന എല്ലാ സ്ത്രീ തൊഴിലാളികൾക്കും ഓണത്തിന് 400 രൂപയിൽ കുറയാത്ത ഓണക്കോടി ഓണക്കോടി സർക്കാർ സൗജന്യമായി നൽകി. സർക്കാർ പ്രഖ്യാപിച്ച 20 ശതമാനം റിബേറ്റ് ഉൾപ്പെടെ 500 രൂപ വിലയുള്ള ഓണക്കോടിയാണ് തൊഴിലാളിക്ക് ലഭിക്കും.


Link MGNREGS with Other Sectors, Says CM

Express News Service

T'Puram: Chief Minister Oommen Chandy said that the Mahatma Gandhi National Rural Employment Guarantee Scheme (MGNREGS) should be extended to the manufacturing sector and in the areas that would bring economic development in the society. He was inaugurating the state-level distribution of 'Onakodi' to MGNREGS members, who completed 100 working days in the financial yr 2012-13.

Last year, the State Government had given Rs 1,000 as bonus to women workers and this time it had been deposited as the state's contribution to the pension fund.



തൊഴിലുറപ്പ് തൊഴിലാളി പെൻഷൻ പദ്ധതി നടപ്പാക്കും: മുഖ്യമന്ത്രി

2012-13 സാമ്പത്തിക വർഷം 100 പ്രവൃത്തി ദിനങ്ങൾ പൂർത്തീകരിച്ച 340312 കുടുംബങ്ങളിലെ മുതിർന്ന സ്ത്രീ തൊഴിലാളികൾക്കാണിത്. ഇതിലേക്കായി സർക്കാർ 13.61 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഹാൻവീവ്/ഹാൻടെക്സ് ഷോറൂമുകളിൽ നിന്ന് നേരിട്ടും തൊഴിലാളികൾക്കിത് വാങ്ങാം. ഇതിനായി 400 രൂപ വീതം തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ടുകളിലൂടെ നൽകും. ഇത് ആഗസ്റ്റ് 14 നകം തൊഴിലാളികളുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.●

# തൊഴിലുറപ്പ് പദ്ധതിയും മോഷ്ടിക്കപ്പെട്ട കിണറുകളും

**കിണറുകൾ മോഷ്ടിക്കപ്പെടുകയോ? അനുവാചകർ അത്ഭുതം കൂറിയേക്കാം. അതെ അതാണ് ദേശീയ പുരസ്കാരം ലഭിച്ച ശ്യാം ബെനഗൽ ചിത്രമായ 'വെൽഡൺ അബ്ബ' യുടെ പ്രമേയം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കിണറുകൾ നിർമ്മിച്ചതിലെ അഴിമതി രസകരമായി അവതരിപ്പിക്കുകയാണ് പ്രഗത്ഭ സംവിധായകനായ ശ്യാം ബെനഗൽ ഈ ചിത്രത്തിലൂടെ ചെയ്യുന്നത്.**

സി.ചന്ദ്രബാബു

കിണറുകൾ മോഷ്ടിക്കപ്പെടുകയോ? അനുവാചകർ അത്ഭുതം കൂറിയേക്കാം. അതെ അതാണ് ദേശീയ പുരസ്കാരം ലഭിച്ച ശ്യാം ബെനഗൽ ചിത്രമായ 'വെൽഡൺ അബ്ബ' യുടെ പ്രമേയം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കിണറുകൾ നിർമ്മിച്ചതിലെ അഴിമതി രസകരമായി അവതരിപ്പിക്കുകയാണ് പ്രഗത്ഭ സംവിധായകനായ ശ്യാം ബെനഗൽ ഈ ചിത്രത്തിലൂടെ ചെയ്യുന്നത്. പദ്ധതിയുടെ പങ്കാളികളായ (മ്രേസലവീഹറലൃമ) ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സർക്കാർ എഞ്ചിനീയർ എന്നിവർ ചേർന്ന് നടത്തുന്ന തട്ടിപ്പിന് ഇരയാകേണ്ടിവരുന്ന നാട്ടുകാർ. കിണർ നിർമ്മിച്ചതായി രേഖയുണ്ടാക്കുകയും (ഫോട്ടോഗ്രാഫ് അടക്കം) തുച്ഛമായ സംഖ്യ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്നു. നൂറുകണക്കിന് കിണറുകൾ നിർമ്മിച്ചതായി രേഖയുണ്ടാക്കി പണം തട്ടുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ വിവരാവകാശ നിയമത്തിലൂടെ പഞ്ചായത്തിൽനിന്ന് രേഖകൾ ശേഖരിക്കുകയും തങ്ങളുടെ കിണറുകൾ മോഷണം പോയതായി പരാതി നൽകുകയും ചെയ്യുന്നു. ജനങ്ങൾ സംഘടിച്ച് സമരം ചെയ്യുകയും പ്രശ്നം ഒരു രാഷ്ട്രീയ പ്രശ്നമായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. ഒടുവിൽ മന്ത്രി ഇടപ്പെട്ട് യുദ്ധകാലാടിസ്ഥാനത്തിൽ മുഴുവൻ ആളുകൾക്കും കിണർ നിർമ്മിച്ചുനൽകുന്നു. അഥവാ



മോഷ്ടിക്കപ്പെട്ട കിണറുകൾ തിരികെ ലഭിക്കുന്നു.

ഇന്ത്യൻ നിയമ നിർമ്മാണ ചരിത്രത്തിലെ നാഴിക കല്ലുകൾ എന്ന് വിശേഷിപ്പിക്കാവുന്ന രണ്ട് നിയമങ്ങളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും വിവരാവകാശ നിയമവും. രണ്ടു നിയമവും 2005-ൽ നിലവിൽ വന്നതാണ്. തൊഴിലും അറിയാനുള്ള അവകാശവും ജനങ്ങൾക്ക് നൽകുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. സുതാര്യത, ജനകീയത, ഉത്തരവാദിത്വം എന്നിവ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നു. സുതാര്യതയും ജനകീയതയും ഉത്തരവാദിത്വവും പദ്ധതിയുടെ പങ്കാളികൾക്ക് നൽകുന്ന വകുപ്പാണ് തൊഴിലുറപ്പ് നിയമത്തിലെ സോഷ്യൽ ഓഡിറ്റ് (സെക്ഷൻ 17). വിവരാവകാശ നിയമം 3 ദിവസത്തിനകം വിവരം നൽകാൻ അനുശാസിക്കുന്നു എങ്കിൽ തൊഴിലുറപ്പ് നിയമം 3 ദിവസത്തിനുള്ളിൽ വിവരം നൽകാൻ വ്യവസ്ഥ ചെയ്യുന്നു. വിവരാവകാശ നിയമത്തിന്റെ പരിരക്ഷ ഇല്ലായിരുന്നുവെങ്കിൽ വെൽഡൻ അബ്ബ എന്ന സിനിമയിൽ പഞ്ചായത്തും ഉദ്യോഗസ്ഥരും 'മോഷ്ടിച്ച' കിണറുകൾ ഗ്രാമീണർക്ക് തിരികെ ലഭിക്കുമായിരുന്നില്ല. അതുപോലെ പരമ്പരാഗത ഓഡിറ്റ് സംവിധാനത്തെ സംതൃപ്തിപ്പെടുത്താൻ ഉതകുന്ന എല്ലാ രേഖകളും നിർമ്മിച്ചു എന്ന് അവകാശപ്പെട്ട കിണറുകളുടെ കാര്യത്തിൽ പഞ്ചായത്ത് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പരമ്പരാഗത രീതിയിൽനിന്നും വ്യത്യസ്തമായ ഓഡിറ്റ് രീതിയാണ് സോഷ്യൽ ഓഡിറ്റ് വിഭാവനം ചെയ്യുന്നത്. ആയത് പദ്ധതിയുടെ സുതാര്യതയും ജനകീയതയും പദ്ധതിയുടെ എല്ലാ പങ്കാളികൾക്കും ഉറപ്പ് നൽകുന്നു. ഒപ്പം ഉത്തരവാദിത്വവും.

### സോഷ്യൽ ഓഡിറ്റ്

പദ്ധതി നടത്തിപ്പിലെ നിരന്തരമായ പൊതുജന ജാഗ്രത ഉറപ്പുവരുത്തുന്നതിന് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന നൂതന സംവിധാനമാണ് സാമൂഹ്യ ഓഡിറ്റ്. പദ്ധതിയുടെ സുതാ

ര്യവും ജനകീയതയും ജനങ്ങളോടുള്ള ഉത്തരവാദിത്വവും നിറവേറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതന ഉപാധി യാണ് സോഷ്യൽ ഓഡിറ്റ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അവിഭാജ്യ ഘടകമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹ്യ പരിശോധന. പഞ്ചായത്തിരാജ് നിയമം സുതാര്യത ഉറപ്പാക്കാനുള്ള വ്യവസ്ഥകളോടെ യാണ് നിലവിൽ വന്നത്. ഇവ പദ്ധതി കളുടെ നടത്തിപ്പിനെക്കുറിച്ച് ജന ങ്ങൾക്ക് അറിയാനുള്ള അവകാശം, പൗരാവകാശ രേഖ, ബോർഡ് എഴുതി പ്രദർശിപ്പിക്കൽ, പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവ തരിപ്പിക്കൽ, സോഷ്യൽ ഓഡിറ്റ്, വർഷ ത്തിൽ 4 ഗ്രാമസഭകൾ എന്നിവയാണ്. സോഷ്യൽ ഓഡിറ്റ് വേദി ഗ്രാമസഭയാ ണ്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതി നുള്ള സഹായ സഹകരണങ്ങൾ നൽകേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമസഭയുടെ ക്വാറം പഞ്ചായത്തിരാജ് നിയമം അനുശാ സിക്കും പ്രകാരമായിരിക്കും. സോഷ്യൽ ഓഡിറ്റ് എങ്ങനെ ചെയ്യണ മെന്നും ഗ്രാമപഞ്ചായത്തിന്റെ ചുമതല യെകുറിച്ചും തൊഴിലുറപ്പ് നിയമ ത്തിന്റെ സെക്ഷൻ 17-ന്റെ ഉപവകുപ്പ് (1-3)ൽ പ്രതിപാദിച്ചിട്ടുണ്ട്.

രാജസ്ഥാനിൽ ശ്രീമതി.അരുണാ റോയിയുടെ നേതൃത്വത്തിൽ എം.കെ. എസ്.എസ്.(മഹിളാ കിസാൻ ശക്തി സംഘ്) നടത്തിയ സോഷ്യൽ ഓഡിറ്റ്, ആന്ധ്രാപ്രദേശിലെ നാഗ്പൂരിലെ അണ്ണാഹസാരെയുടെ നേതൃത്വത്തിൽ നടത്തിയ സോഷ്യൽ ഓഡിറ്റ്, കേരള ത്തിലെ നിരവധി പഞ്ചായത്തുകളിൽ നടത്തിയ പഞ്ചവത്സര പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നട ത്തിയ സോഷ്യൽ ഓഡിറ്റ്, പാലക്കാട് വയനാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധ തിയുടെ സോഷ്യൽ ഓഡിറ്റ് തുടങ്ങിയ അനുഭവങ്ങൾ നമുക്ക് ഉണ്ട്. സദ്ഭ രണം ഉറപ്പാക്കാനുള്ള ഒരുപാധിയായി ട്ടാണ് നാം സോഷ്യൽ ഓഡിറ്റിനെ കാണേണ്ടത്.

ജനാധിപത്യഭരണത്തിൽ ജന ങ്ങൾക്ക് ചോദ്യങ്ങൾ ചോദിയ്ക്കാനും, അറിയാനും, ചോദ്യം ചെയ്യാനുമുള്ള അവകാശമുണ്ടെന്നുള്ളതാണ് സോഷ്യ ൽ ഓഡിറ്റിന്റെ ആശയം. തൊഴിലുറപ്പ് നിയമത്തിലുടനീളം തൊഴിലാളികളുടെ അവകാശങ്ങളാണ് പ്രതിപാദിച്ചിട്ടുള്ള ത്. ആസൂത്രണത്തിലും നിർവ്വഹണ ത്തിലും മേൽനോട്ടത്തിലും മാത്രമല്ല സോഷ്യൽ ഓഡിറ്റിലും ജനപങ്കാ ളിത്തം ഉറപ്പാക്കാൻ കഴിയണം. ഒരു പൊതു സ്ഥാപനം പ്രവർത്തിക്കുന്നത് അഥവാ ഒരു ഗവൺമെന്റ് പദ്ധതി നട പ്പിലാക്കുന്നത് പൊതുധനം ഉപയോഗി ച്ചാണെന്നും അത് ജനങ്ങളുടെ നികുതി പണമാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടാ ക്കുന്നതിന് സോഷ്യൽ ഓഡിറ്റിലൂടെ സാധിക്കുന്നു. തൊഴിലുറപ്പ് പദ്ധതി യിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ സമ യബന്ധിതമായ നിർവ്വഹണം ഗുണഭോ ക്തൃപ്രദേശത്തിന്റെ നീതിയുക്തമായ തെരഞ്ഞെടുപ്പ്, ഫലപ്രദമായ ധനവിനി യോഗം എന്നിവ സോഷ്യൽ ഓഡിറ്റി ലൂടെ പരിശോധിയ്ക്കപ്പെടണം. തൊഴി ലുറപ്പ് പദ്ധതിയുടെ ആസൂത്രണം മുതൽ പരാതി പരിഹാരം വരെയുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ പരിശോധ നയ്ക്ക് വിധേയമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് അവരുടെ അവകാ ശാധികാരങ്ങളും കടമകളും ബോധ്യ പ്പെടുത്താനുള്ള ഒരു വേദി കൂടിയാ കുന്നു സോഷ്യൽ ഓഡിറ്റ്.

സോഷ്യൽ ഓഡിറ്റ് നിരന്തരമായി നടക്കുന്ന പ്രക്രിയയാണ്. തൊഴിൽ സ്ഥലങ്ങളിലും അയൽക്കൂട്ടങ്ങൾ/ ഊരുക്കൂട്ടങ്ങൾ തുടങ്ങിയ സ്ഥലങ്ങ ളിൽനിന്ന് വിവരശേഖരണം നടത്തുക വഴി തൊഴിലുറപ്പ് നിയമം അനുശാ സിക്കും പ്രകാരം തൊഴിൽ സ്ഥലത്ത് അടിസ്ഥാന സൗകര്യം (ഷെയ്ഡ്, മരു ന്ന്, കുടിവെള്ളം) ഏർപ്പെടുത്തിയി രുന്നോ? മേറ്റിന്റെ പ്രവർത്തനം കാര്യ ക്ഷമമായിരുന്നോ? പണിസ്ഥലത്ത് ബോർഡ് എഴുതി പ്രദർശിപ്പിച്ചിരുന്നോ? തുടങ്ങിയ കാര്യങ്ങൾ നേരിട്ട് മനസ്സി ലാക്കുന്നതിന് സാധിക്കുന്നു. മാത്രമല്ല രജിസ്ട്രേഷൻ, തൊഴിൽകാർഡിന്റെ ലഭ്യത, തൊഴിൽ ആവശ്യപ്പെടൽ, തൊഴിൽ അനുവദിച്ചുനൽകൽ, വേത



**ജനാധിപത്യഭരണത്തിൽ ജനങ്ങൾക്ക് ചോദ്യങ്ങൾ ചോദിയ്ക്കാനും, അറിയാനും, ചോദ്യം ചെയ്യാനുമുള്ള അവകാശമുണ്ടെന്നുള്ളതാണ് സോഷ്യൽ ഓഡിറ്റിന്റെ ആശയം. തൊഴിലുറപ്പ് നിയമത്തിലുടനീളം തൊഴിലാളികളുടെ അവകാശങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും മേൽനോട്ടത്തിലും മാത്ര മല്ല സോഷ്യൽ ഓഡിറ്റിലും ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയ ണം. ഒരു പൊതു സ്ഥാപനം പ്രവർത്തിക്കുന്നത് അഥവാ ഒരു ഗവൺമെന്റ് പദ്ധതി നടപ്പിലാക്കുന്നത് പൊതുധനം ഉപയോഗിച്ചാ ണെന്നും അത് ജനങ്ങളുടെ നികുതി പണമാണെന്നുമുള്ള തിരിച്ച റിവ് ഉണ്ടാക്കുന്നതിന് സോഷ്യൽ ഓഡിറ്റിലൂടെ സാധിക്കുന്നു.**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വിശാലമായ കാഴ്ചപ്പാടാണുള്ളത്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പദ്ധതിയുടെ നേരിട്ടുള്ള ഗുണം ലഭിയ്ക്കത്തക്ക രീതിയിലാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ പുനഃരുജ്ജീവനത്തിലൂടെ സ്ഥായിയായ ആസ്തിയുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. ഇത്രയും അർത്ഥവും വ്യാപ്തിയുമുള്ള ഒരു പദ്ധതി ജനകീയ പരിശോധന നടത്തണമെങ്കിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ള സംവിധാനത്തേക്കാൾ അധികം ചിട്ടയോടുകൂടി മുഴുവൻ സമയ പ്രവർത്തനം നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ ആവശ്യമാണ്.**

നം നൽകൽ, മസ്റ്റർറോളിൽ ഹാജർ രേഖപ്പെടുത്തൽ, പ്രോജക്ട് ഇനീഷിയേഷൻ മീറ്റിംഗ് നടത്തിയതിന്റെ വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കുന്നതിനും രേഖപ്പെടുത്തുന്നതിനും സാധിക്കുന്നു. ഇതേ വിവരങ്ങൾ തന്നെ ഓഫീസ് റെക്കോർഡുകൾ പരിശോധിച്ചും രേഖപ്പെടുത്താം. വർഷത്തിൽ 2 തവണ സോഷ്യൽ ഓഡിറ്റ് നടക്കണം. സോഷ്യൽ ഓഡിറ്റ് നടത്തി അപാകതകൾ ഉണ്ടെങ്കിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി (അംഞ) ങകട ചെയ്യണം. സോഷ്യൽ ഓഡിറ്റ് നടക്കുന്ന ഗ്രാമസഭയിൽതന്നെ അടുത്ത സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സ്ഥലം, തിയതി, സമയം എന്നിവ തീരുമാനിക്കണം. എന്നാൽ മാത്രമേ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടക്കുന്ന വിവരം സംബന്ധിച്ച് വിപുലമായ പ്രചരണം നടത്തുന്നതിനും പരമാവധി ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനും സാധിക്കുകയുള്ളൂ. മാത്രവുമല്ല പ്രദേശവാസികൾക്കും തൊഴിലെടുത്തവർക്കും സോഷ്യൽ ഓഡിറ്റ് ടീമുമായി സംവദിയ്ക്കാവുന്നതാണെന്ന് അറിയിപ്പും നൽകണം. താൽപ്പര്യമുള്ള ഏതൊരു വ്യക്തിയ്ക്കോ സംഘടനയ്ക്കോ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തെ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും റിപ്പോർട്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ അവതരിപ്പിയ്ക്കാമെന്നും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് 5 ദിവസം മുമ്പ് എങ്കിലും റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരിയ്ക്കണമെന്നും അറിയിപ്പ് നൽകിയിരിക്കണം. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കും.




തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിലുള്ള അപാകതകൾ ചൂണ്ടികാണിക്കുന്നതിനും തെറ്റുകൾ തിരുത്തുന്നതിനും മാത്രമല്ല നന്നായി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ ഗുണമേകളെ ഉയർത്തിക്കാട്ടുന്നതിനും കഴിയുമെന്നുള്ളതാണ് സോഷ്യൽ ഓഡിറ്റിന്റെ നേട്ടം. കൂടാതെ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആയത് വ്യവസ്ഥാപിതമാക്കാനും ഇതിലൂടെ സാധിക്കുന്നു.

വർഷത്തിൽ രണ്ടു തവണ സോഷ്യൽ ഓഡിറ്റ് നടത്തണം. എല്ലാ വാർഡിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടക്കണം. അടുത്ത സാമ്പത്തികവർഷത്തേക്കുള്ള ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും ഡിസംബർ മാസത്തോടുകൂടി തയ്യാറാക്കി അംഗീകാരം വാങ്ങണം. കൂടാതെ തൻവർഷത്തെ പദ്ധതികൾ (ലേബർ ബഡ്ജറ്റ് പ്രകാരം) സമയബന്ധിതമായി നിർവ്വഹണം നടത്തുകയും വേണം. ആയതിനാൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ചിട്ടയായ രീതിയിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി മുന്നൊരുക്കങ്ങൾ നടത്തുന്നതിന് കഴിയാതെ വരുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വിശാലമായ കാഴ്ചപ്പാടാണുള്ളത്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പദ്ധതിയുടെ നേരിട്ടുള്ള ഗുണം ലഭിയ്ക്കത്തക്ക രീതിയിലാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ പുനഃരുജ്ജീവനത്തിലൂടെ സ്ഥായിയായ ആസ്തിയുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. ഇത്രയും അർത്ഥവും വ്യാപ്തിയുമുള്ള ഒരു പദ്ധതി ജനകീയ പരിശോധന നടത്തണമെങ്കിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ള സംവിധാനത്തേക്കാൾ അധികം ചിട്ടയോടുകൂടി മുഴുവൻ സമയ പ്രവർത്തനം നടത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ ആവശ്യമാണ്.

സോഷ്യൽ ഓഡിറ്റ് ഒരിയ്ക്കലും കുറ്റം കണ്ടുപിടിക്കാനുള്ള ഒരു സംവിധാനമല്ല. പ്രസ്തുത വസ്തുതകൾ പുറത്തുകൊണ്ടുവരികയും കുറവുകൾ പരിഹരിക്കുകയും ചെയ്യുന്നതിന് ആയതിന്റെ പങ്കാളികളെ പ്രാപ്തമാക്കുന്ന പദ്ധതിയാണ്. തൊഴിൽകാർഡ് അപേക്ഷ മുതൽ കൂലിവിതരണം വരെയും രേഖകളുടെ സൂക്ഷിപ്പ് മുതൽ സോഷ്യൽ ഓഡിറ്റ് സംഘാടനം വരെയുള്ള മുഴുവൻ കാര്യങ്ങളും ഈ പ്രക്രിയയിലൂടെ പരിശോധിയ്ക്കപ്പെടണം. ഭരണ നിർവ്വഹണമെന്നത് ദന്തഗോപുരവാസികളും വിശാലഹൃദയരുമായ ഒരു കൂട്ടം ആളുകൾ നടത്തുന്ന പ്രക്രിയയല്ല. പ്രത്യുത മുഴുവൻ ജനങ്ങളുടേയും ഉത്തരവാദിത്വമാണ് എന്ന് പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന പദ്ധതിയാണ്.●

*ഗ്രാമവികസന വകുപ്പ് ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറാണ് ലേഖകൻ*

# അംഗീകാരത്തിന്റെ നിറവിൽ ചേർപ്പ് ബ്ലോക്ക്

**അജിത. കെ.ആർ**

സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പാക്കി ജനങ്ങളിലേക്കെത്തിച്ച് മികവിനുള്ള നിരവധി അംഗീകാരങ്ങൾ വാരിക്കൂട്ടിയതിന്റെ നിറവിലാണ് തൃശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്. വികസന പ്രവർത്തനങ്ങൾ പ്രശംസനീയമായ രീതിയിൽ നടപ്പാക്കിയതിന് 2010–11, 2011–12 എന്നീ വർഷങ്ങളിൽ തുടർച്ചയായി പഞ്ചായത്തിന് ദേശീയ അവാർഡ് തന്നെ ലഭിക്കുകയുണ്ടായി. പ്രവർത്തന മികവു കണക്കിലെടുത്ത് 2007–08 മുതൽ തുടർച്ചയായി നാലു വർഷം സ്വരാജ് ട്രോ ഫിയും പഞ്ചായത്ത് കരസ്ഥമാക്കി. 10 ലക്ഷം രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതായിരുന്നു ദേശീയ പുരസ്കാരം. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പഞ്ചായത്ത് ശാക്തീകരണ പ്രതിബദ്ധതാ പ്രോത്സാഹന പദ്ധതി പ്രകാരമാണ് അവാർഡ് നൽകിയത്.

2011–12 വർഷത്തിൽ ആകെ വികസന ഫ ണ്ടിന്റെ 98.5 ശതമാനമാണ് ബ്ലോക്കിൽ ചെലവഴിച്ചത്. എസ്സി ഫണ്ടിൽ 94.15 ശതമാനവും വനിതാ ഘടക പദ്ധതിക്കു കീഴിൽ 97 ശതമാനവും വികലാംഗർ, വൃദ്ധർ, കുട്ടികൾ, തുടങ്ങിയവരുടെ ക്ഷേമത്തിനാ യി അനുവദിച്ച തുകയുടെ 149 ശതമാനവും മെയിന്റനൻ സ് ഫണ്ടിൽ നിന്നുള്ള 99 ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞു. എസ്ജിഎസ്വൈ ഫണ്ടിന്റെ 93 ശതമാനവും ഐഎവൈ ഫണ്ട് പൂർണമായും ചെലവഴിച്ചു. ബ്ലോക്കിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ കൊണ്ടുവരിക വഴി പദ്ധതിയെത്തന്നെ കൂടുതൽ അർഥപൂർണമാക്കാൻ കഴിഞ്ഞു.



കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി കിഷോർ ചന്ദ്രദേവിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ പുരസ്കാരം സ്വീകരിക്കുന്നു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. രാജു സമീപം.

ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യ ബ്ലോക്ക് പഞ്ചായത്ത് എന്ന ബഹുമതിയും ഇതുവഴി ചേർപ്പിനു ലഭിച്ചു. നിയമം അനുശാസിക്കുംവിധം നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾക്കു വേതനം നൽകാൻ കഴിഞ്ഞ രാജ്യത്തെ ആദ്യത്തെ ബ്ലോക്കും ചേർപ്പാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി പട്ടികജാതി കോളനികളിൽ നടപ്പാക്കിയ മഴവെള്ള സംഭരണ പദ്ധതിയും ലേബർ ബാങ്കും ആശയപരമായ പുതുമകൊണ്ടും നടത്തിപ്പിലെ പൂർണത കൊണ്ടും ശ്രദ്ധേയമായി.

ലിഫ്റ്റ് ഇറിഗേഷൻ വ്യാപകമാക്കൽ, ചേർപ്പ് സാമൂഹ്യരോഗ്യ കേന്ദ്രത്തിന്റെ വികസനം, അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരണം, ജലസ്രോതസുകളുടെ സംരക്ഷണം, കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ, റോഡ് പുനരുദ്ധാരണം, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതികൾ, വനിതകൾക്കുള്ള തൊഴിൽ പരിശീലനം, ലേബർ ബാങ്ക് തുടങ്ങിയവ ഇക്കാലയളവിൽ നടപ്പാക്കിയ ശ്രദ്ധേയമായ പദ്ധതിയാണ്.

ലേബർ ബാങ്ക് മുഖേന തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ബ്ലോക്കിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും യഥാസമയം തന്നെ തൊഴിൽ നൽകാനും കഴിഞ്ഞു.

തരിശു രഹിത കൃഷിക്കായി വികസന ഫണ്ടിൽനിന്നു ഒമ്പതുലക്ഷം രൂപയും തൊഴിലുറപ്പ് പദ്ധതിയിൽ 79 തോടുകളും ചാലുകളും വൃത്തിയാക്കുന്നതിന് 18 ലക്ഷം രൂപയും ലേബർ ബാങ്കിനായി ഏഴുലക്ഷം രൂപയും ചെലവഴിച്ചു. ചേർപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി 13 ലക്ഷം രൂപയും ജലസ്രോതസുകളുടെ സംരക്ഷണത്തിന് ഏഴു ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

ചേർപ്പിനെ തരിശുരഹിത പ്രദേശമാക്കുന്നതിനായി നടപ്പാക്കിയ തരിശുരഹിത ബ്ലോക്ക് പദ്ധതി കൃഷി വ്യാപിപ്പിക്കുന്നതിനും കാർഷികോത്പാദന വർധനയ്ക്കും സഹായകമായി. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പകൽപരിചരണ കേന്ദ്രത്തിനായി 8,53,000 രൂപയും അംഗൻവാടികൾക്ക് പോഷകാഹാരത്തിന് 2,50,000 രൂപയും പുനരുദ്ധാരണത്തിന് 35 ലക്ഷം രൂപയും ചെലവഴിക്കാൻ ഇക്കാലയളവിൽ ബ്ലോക്കിനു സാധിച്ചു. അംഗൻവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളുടെ നിർമാ ണത്തിനായി 5,35,000 രൂപയാണു ചെലവഴിച്ചത്. സൗഹൃദ ലോൺട്രി സർവീസിന് അഞ്ചുലക്ഷം രൂപയും വിനിയോഗിച്ചു.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി നടപ്പാക്കിയ സാന്ത്വനം പദ്ധതിയും ഏറെ പ്രശംസ പിടിച്ചുപറ്റിയ ഒന്നാണ്. വൈകല്യമുള്ള കുട്ടികളെ പകൽ സമയം പരിചരിക്കുന്നതിനു വെങ്ങിണിശേരിയിൽ നടപ്പാക്കിയ ബഡ്‌സ് സ്‌കൂ ളാണ് സാന്ത്വനം. കുട്ടികളെ ബഡ്‌സ് സ്‌കൂളിലെത്തിക്കാനും തിരികെ വീട്ടിലെത്തിക്കാനും സർക്കാർ കഴിഞ്ഞ വർഷം ബസ് അനുവദിച്ചു.

ഇപ്പോൾ തൃശൂർ അസി. ഡവലപ്‌മെന്റ് കമ്മീഷണറായി പ്രവർത്തിക്കുന്ന എൻ. രാധാകൃഷ്ണ പിള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരിക്കുമ്പോഴാണ് ഈ നേട്ടങ്ങളൊക്കെത്തന്നെ കൈവരിക്കാൻ സാധിച്ചത്. ഭരണ സമിതി നൽകിയ ഈടുറ്റ നേതൃത്വത്തിനൊപ്പം ശ്രീ. രാധാകൃഷ്ണ പിള്ളയുടെ അനുഭവ സമ്പത്തും മികച്ച ആസൂത്രണവും പദ്ധതികൾ വിജയിപ്പിക്കുന്നതിൽ നിർണായകമായ പ ങ്കു വഹിച്ചിട്ടുണ്ട്. സദ്‌സേവന രേഖയും മറ്റ് അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തിയതിനു കാരണവും ഈ പ്രവർത്തന മികവുതന്നെയാണ്.

ചേർപ്പ് ബ്ലോക്കു പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത് പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയാണ്. ഉഷാ രവീന്ദ്രനാണ് വൈസ് പ്രസിഡന്റ്, ടി.കെ. രാജു വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും, എം. ഇന്ദിര ടീച്ചർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും സെലീന രാജൻ വിദ്യാഭ്യാ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്.

കെ.ആർ. ശ്രീനിവാസൻ, സെബി ജോസഫ് പെല്ലിശേരി, വിനയ സച്ചിൻ, വത്സല ശങ്കരൻ, എൻ. ടി. ശങ്കരൻ, പി.വി. അശോകൻ, ഒ.എ. വിജയലക്ഷ്മി, സജിനി സുഭാഷ് മാരാത്ത് എന്നിവരാണ് അംഗങ്ങൾ.

ഈ പുരസ്‌കാരനേട്ടമുണ്ടായപ്പോൾ എൻ. രാധാകൃഷ്ണ പിള്ളയായിരുന്നു സെക്രട്ടറി. ഇപ്പോൾ സെക്രട്ടറി പി.ഒ. ജോസഫാണ്.●

*ചേർപ്പ് ബ്ലോക്ക് ഇൻഫർമേഷൻ അസിസ്റ്റന്റാണ് ലേഖിക*



**മുരളീധരൻ തഴക്കര**

**ആ**വർത്തിക്കപ്പെടുന്ന പൂക്കാലമാണ് ഓണം. അതിന് പഴമയോട് ഒരു പ്രത്യേക മമതയുണ്ട്. ചിതലരിച്ചു പോകാത്ത വാക്കും നോക്കും പാട്ടും പകിട്ടുമെല്ലാം ഓണത്തിന് സ്വന്തം. ആർപ്പും ആരവവും കേൾക്കുന്നില്ലേ. കിഴക്കൻ ചക്രവാളത്തിൽ നിന്നും മലനാടിന്റെ ചക്രവർത്തി സൂര്യതേജസ്സോടെ വരുന്നു. തന്റെ മക്കളെ കാണാൻ. ഓർമ്മ പുതുക്കാൻ ഒരുങ്ങി നിൽക്കുകയാണ് പൂവുകൾ. ചാമരം വീശുന്നുണ്ട് തുമ്പികൾ. വിഭവങ്ങൾ അഴകോടെ ചമഞ്ഞ് ഒരില ഓരോ വീട്ടിലും തുമ്പപ്പൂക്കളുടെ തമ്പുരാന് വേണ്ടി ഒരിക്കലും തേഞ്ഞുമാഞ്ഞു പോകാത്ത പുരാതന സ്മൃതിയോടുള്ള മലയാളനാടിന്റെ നന്ദിപ്രകടനം അതുകൊണ്ടു തന്നെ ഓണം എല്ലാവരുടെയും ഉത്സവമാണ്. അടുക്കളയുടെയും അരങ്ങിന്റെയും ഉത്സവം.

ഓണം എന്നും എവിടെയായാലും മലയാളിയുടെ ഹൃദയത്തിലെ ഒരു വികാരമാണ്. എത്രയോ പതിറ്റാണ്ടുകളായി രക്തത്തിലലിഞ്ഞു ചേർന്ന സംസ്‌കാരം. ഈ സംസ്‌കൃതി കേരളത്തിന്റെ കാർഷിക പൈതൃകത്തിന്റേതുകൂടിയാണ്. ആചാരങ്ങളായി പരിവർത്തിക്കപ്പെട്ട ഓണവും തിരുവാതിരയും വിഷുവും നിറപ്പുത്തരിയും ഇല്ലം നിറയും തുടങ്ങിയുള്ള എല്ലാ കാർഷികോത്സവങ്ങൾക്ക് പിന്നിലും ഉദാത്തമായ ദർശനങ്ങളും സങ്കൽപ്പങ്ങളുമുണ്ട്. ഇപ്രകാരം ഓണത്തിൽ ഉൾച്ചേർന്നിരിക്കുന്നത് കാർഷിക സമ്പൽ സമൃദ്ധിയിൽ അധിഷ്ഠിതമായ ഒരു സ്വാശ്രയ ദർശനമാണ്. ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് ആടിമേഘങ്ങൾ ആകാശം വെടിയുന്നതോടെ ചിങ്ങനിലാവുദിക്കുകയും ശ്രാവണപുഷ്പങ്ങൾ പുഞ്ചിരി തൂകുകയും ചെയ്യും. അവിടെ ആരംഭിക്കുന്നു ഓണം.

അത്തം പത്തിന് തിരുവോണം എന്നാണല്ലോ പറയുക. അത്തം തുടങ്ങിയാൽ മുറ്റത്ത് പൂക്കളങ്ങൾ വിരിയുകയായി. പൂക്കളമിടാനുള്ള നാട്ടുപൂവുകൾ തേടി കുട്ടികൾ തൊടിയായ തൊടിയെല്ലാം താണ്ടുകയായി. അതെ പൂക്കൂടയുമായി തൊടികളിലേക്കാണിറങ്ങുന്നത്. നഗരത്തിലെ പൂക്കടയിലേക്കല്ല. അത്തം മുതൽ പത്ത് ദിവസവും പൂക്കളമിടുന്നതിനും നിയതമായ ചില ചട്ടവട്ടങ്ങളുണ്ടായിരുന്നു. *അത്തം നാളിൽ ഓണപ്പൂക്കളത്തിന് ഒരു വത്തമേയുണ്ടാകൂ. ഒറ്റനിറമുള്ള പൂക്കളാൽ തീർക്കുന്ന പൂക്കളം. ഇത് ഗണപതിയെ സങ്കൽപ്പിച്ചാണിടുന്നത്. ചിത്തിര നാളിൽ രണ്ട് വൃത്തത്തിലുള്ള പൂക്കളമിടുന്നു. ഇത് ശിവനേയും ശക്തി*

# കാർഷികോത്സവമായ ഓണത്തെ വീണ്ടെടുക്കാം

**ഓണം എന്നും എവിടെയാ യാലും മലയാളിയുടെ ഹൃദയത്തിലെ ഒരു വികാരമാണ്. എത്രയോ പതിറ്റാണ്ടുകളായി രക്തത്തിലലിഞ്ഞു ചേർന്ന സംസ്കാരം.**



*യേയും സങ്കൽപ്പിച്ചാണ്. മൂന്നാം നാളായ ചോതിക്ക് മൂന്ന് വൃത്തത്തിൽ പൂക്കളമിടുന്നത് കാലപുരുഷനായ ശിവനെ മാത്രം സങ്കൽപ്പിച്ചാണ്. നാലാമത്തെ നാളായ വിശാഖത്തിന് ബ്രഹ്മാവിനുള്ള സമർപ്പണമാണ്. നാലുവൃത്തങ്ങളുള്ള പൂക്കളമാണിടുക. പഞ്ചഭൂതങ്ങളെ സങ്കൽപ്പിച്ചുകൊണ്ട് അഞ്ചാം നാളിൽ അഞ്ച് വൃത്തങ്ങളിൽ അത്തപ്പൂക്കളമിടും. അത്തം തുടങ്ങി ആറാമത്തെ ദിവസം അറുമുറനും ദേവസേനാനിയുമായ മുരുകനുവേണ്ടി ആറു വൃത്തങ്ങളുള്ള പൂക്കളമിടുന്നു. ഏഴാം നാളിൽ എഴുവൃത്തങ്ങളിലിടുന്ന പൂക്കളം ഗുരുവിനായുള്ള സമർപ്പണമാണ്. എട്ടാംദിനം അഷ്ടദിക്ക് പാലകരെ സങ്കൽപ്പിച്ചുകൊണ്ട് എട്ട് വൃത്തങ്ങളിൽ പൂക്കളമിടും. ദേവരാജാവായ ഇന്ദ്രനുവേണ്ടിയുള്ളതാണ് ഒമ്പതാം ദിനത്തിൽ ഒരുക്കുന്ന ഒമ്പത് വൃത്തങ്ങളുള്ള പൂക്കളം. ആദ്യത്തെ എട്ട് ദിവസങ്ങളിലും ഉപയോഗിക്കാത്ത കടും നിറത്തിലുള്ള പൂക്കൾ കൊണ്ടായിരിക്കും ഒമ്പതാം ദിവസം പൂക്കളമിടേണ്ടത്. അത്തം തുടങ്ങി പത്താം നാളായ തിരുവോണ ദിവസം മഹാവിഷ്ണുവിനായുള്ള സമർപ്പമമാണ്.* കഴിയുന്നത്ര വെളുത്ത പൂക്കൾ കൊണ്ട് തന്നെ പൂക്കളമിടാനും നിഷ്കർഷിച്ചിരുന്നു.

ആചാരപരമായ ഈ നിഷ്ടയ്ക്ക് പിന്നിൽ ശാസ്ത്രീയമായ കാഴ്ചപ്പാട് തന്നെയാണുള്ളത്. ഓരോ ദിവസത്തെയും വ്യത്യസ്ത സങ്കൽപ്പത്തിൽ പത്ത് ദിവസവും പത്ത് തരം പൂക്കളാണ് ഉപയോഗിക്കുക. ഈ നാട്ടുപൂക്കളെല്ലാം വിരിയേണ്ടത് നമ്മുടെ മുറ്റത്തോ അയൽ പക്കങ്ങളിലോ ആയിരിക്കണമെന്നതിൽ നിഷ്കർഷയുണ്ടായിരുന്നു. ഇന്നത്തെക്കണക്കിന് പൂക്കളും മത്സ്യമാംസാദികളും ദിവസങ്ങളോളം സൂക്ഷിക്കാൻ കഴിയുന്ന മോർച്ചറികൾ നിലവിലില്ലാത്തതിരുന്ന കാലത്തെ നിർദ്ദേശങ്ങളും നിഷ്ഠകളുമായിരുന്നു. ഇതൊക്കെയും നമ്മുടെ മുറ്റത്തും വളപ്പിലും ഇങ്ങനെയുള്ള പൂക്കൾ വിരിയണമെങ്കിൽ പ്രകൃതി നമ്മെ ഉദാരമായി അനുഗ്രഹിച്ചേ തീരൂ. പ്രകൃതിയോടു ചേർന്ന് നിന്നുകൊണ്ടുള്ള സ്വാശ്രയ ബോധത്തിന്റെ സാക്ഷ്യമായിരുന്നു നമ്മളൊരുക്കിയിരുന്ന ഓണപ്പൂക്കളങ്ങൾ.

പഞ്ഞകർക്കിടകം താണ്ടിയെത്തുന്ന മനുഷ്യന്റെ വിശപ്പിനെ അടുത്ത ഒരാണ്ടോളം പിടിച്ചുനിർത്തുന്ന രുചിഭേദങ്ങളുടെ മേളനമാണ് ഓണസദ്യ ചേമ്പിൻ താളിന്റെ കറിവെച്ചതും പച്ചിലകൾ വേവിച്ചതും കണ്ണൻ ചേമ്പ് പുഴുങ്ങിയതും ആഞ്ഞിലിക്കുരു വറുത്തതും മറ്റും ആഹരിച്ച് കർക്കിടക വറുതിയെ അതിജീവിച്ച ശേഷം വയറുനിറയെ ഭക്ഷണം കഴിക്കുന്നത് ഓണ





ത്തിനാണ്. രുചി മുകുളങ്ങളെ മത്ത് പിടിപ്പിക്കുന്ന വിഭവങ്ങളുടെ മത്സരം. ഓണസദ്യയൊരുക്കുവാൻ വേണ്ടതെല്ലാം കഴിയാവുന്നത്ര സ്വന്തം അധ്വാനത്തിലൂടെ വയലിലും തൊടിയിലുമായി വിളയിച്ചെടുത്തിരുന്നു. ഒന്നാം വിള അഥവാ വിരിപ്പ് കൊയ്തെടുത്ത പുന്നെല്ലിന്റെ ചോറ് സ്വന്തം വിയർപ്പു വീണു വിളഞ്ഞ നേന്ത്രക്കുലയും മരിച്ചീനിയും ചേമ്പും ചേനയും കൊണ്ടുള്ള നാനാജാതി വിഭവങ്ങൾ ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ പൊതിഞ്ഞുകെട്ടി നിർത്തിയിരുന്ന നേന്ത്രക്കുല മുറിച്ചെടുത്ത് അരിഞ്ഞ് ഉപ്പേരി വറുക്കുന്നതാകട്ടെ നമ്മുടെ പറമ്പിലെ നാളികേരം ആട്ടിയെടുത്ത വെളിച്ചെണ്ണയിൽ. നാളികേരവും വെളിച്ചെണ്ണയും നമ്മുടെ പൂർവ്വികരുടെ സന്തോഷവും വിയർപ്പുമാണെന്ന് ഒരു ചൊല്ലുതന്നെയുണ്ട്.

താമസിക്കുന്ന പറമ്പിൽത്തന്നെ വിളയുന്ന വിഭവങ്ങളാലൊരുക്കുന്ന കറികളാണ് ഓണവിഭവങ്ങൾ എന്നത് യാദൃച്ഛികമല്ല. ഒരു നാടിന്റെ സാമൂഹിക – സാംസ്കാരിക സാഹചര്യങ്ങളേയും ജീവിതക്രമങ്ങളെയും മാനസിക ശാരീരിക ആരോഗ്യത്തെയുമെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള വിഭവവൈവിധ്യതയും തനിമയുമുണ്ടായിരുന്നു നമ്മുടെ ഓണസദ്യക്ക്. ഊഞ്ഞാലിടുന്നതിനുള്ള കയർ മുതൽ ഓണക്കോടി വരെ നമ്മുടെ നാടിന്റെ ഉത്പന്നമായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. മഞ്ഞപ്പട്ട് കോടി നാടൻ തറിയിൽ വെള്ളനൂലിൽ നെയ്തെടുത്ത് മരങ്ങൾ വെള്ളത്തിൽ മുക്കിയെടുത്തിരുന്നു എന്നു പറയുമ്പോൾ നമ്മുടെ പൂർവ്വികരുടെ സ്വാശ്രയ മനോഭാവം എത്ര കണ്ടുണ്ടായിരുന്നുവെന്ന് നാം ആലോചിക്കണം.

ഇന്ന് നമുക്ക് എന്നും ഓണമാണ്. പണ്ടത്തെ മലയാളിക്ക് ഓണം ആണ്ടിലൊന്നേയുള്ളു. അത് എത്ര കണ്ട് പൊടിപൂരമായി ആഘോഷിക്കാമോ അത്ര തന്നെ ആഘോഷിച്ചിരുന്നു. ഓണത്തിന് സവിശേഷമായ ചില കളികളുണ്ടായിരുന്നു. കേരളത്തിന്റെ മണ്ണിന്റെ മണവും ചെരുവുമുള്ള കളികൾ. കുട്ടിയും കോലും തലപ്പന്ത്, കബഡി തുടങ്ങിയുള്ള നാനാജാതി കളികളുടെ ശാസ്ത്രീയതയോട് കിടപിടിക്കാൻ കഴിയുന്ന ഏത് കളികളാണുള്ളത്. കുട്ടിയും കോലും സമർത്ഥമായി കളിക്കാനറിയുന്നവൻ മികച്ച ക്രിക്കറ്റ് കളിക്കാരനെക്കാളും ഒരു പണതൂക്കം മുന്നിൽ നിൽക്കും. തിരുവാതിരയും തുമ്പിതുള്ളലും കുടമുത്തും തണുങ്ങു വലിയും നിറയ്ക്കുന്ന താളക്കൊഴുപ്പിന് പ്രകൃതിയുടെ ശ്വാസഗതിയോടാണ് ബന്ധം.

ഓണം പൂർണ്ണമായും നമ്മുടേതായിരുന്നു. മലയാളിയുടെ സ്വന്തം. അധ്വാനത്തിന്റെയും വിയർപ്പിന്റെയും താളവും തഞ്ചവും ഗന്ധവുമായിരുന്നു നമ്മുടെ ഓണത്തിന്. മണ്ണിൽ നിന്ന് കാലുവലിച്ച് കൃഷിയിൽ നിന്ന് അകന്നുപോയ മലയാളിക്ക് സ്വാശ്രയബോധത്തിന്റെ ഉത്സവമായ ഓണം ഒരുക്കാൻ ഓണമുണ്ണാൻ അയൽ നാടുകളിൽ നിന്ന് അരിയും പച്ചക്കറികളും പൂവും ഇലയും പലവ്യഞ്ജനങ്ങളും തുണിയും വരണം. മലനാടിന്റെ മക്കളായ മലയാളി കൈക്കൊണ്ട് മെയ്യനങ്ങി ഒന്നും ചെയ്യില്ല. അഥവാ എന്തെങ്കിലും ചെയ്യുന്നെങ്കിൽ അത് കുന്നിടിച്ചും വയൽ നികത്തിയും മണ്ണിനെ ക്കൊല്ലാനുള്ള മണ്ണ് വിറ്റ് കാശാക്കാനുള്ള ശ്രമം മാത്രമായിരിക്കുന്നു.

ഓണം എന്ന പേരു മാത്രമേ ഇപ്പോൾ നമ്മോടൊപ്പമുള്ളു. അതിന്റെ സത്ത പഴയ നാട്ടിൻപുറത്തെ ഇല്ലാകൊമ്പത്തെ ഊഞ്ഞാലിൽ ആടാതെയിരിക്കുന്നു. നമുക്കാ പേര് മാത്രം മതി. കേരളത്തിന്റെ ഏറ്റവും വിലപ്പെട്ട ബ്രാൻഡ് നെയിം ഓണം. ഒരു സമൂഹത്തിന് ജീവിതം സ്വയം നിർണ്ണയിച്ച് സ്വയം പര്യാപ്തതയിൽ എത്താൻ കഴിയുന്ന അവസ്ഥയായിരുന്നു ഓണം. ഓണം നമുക്ക് മുന്നിൽ വെയ്ക്കുന്നത് പുരാവൃത്ത കഥ മാത്രമല്ല പ്രത്യാശയുടെ താക്കോൽ കൂടിയാണ്. ആഘോഷത്തിന്റെ പൊലിപ്പും പൊലിമയും ധാരാളിത്തവും കൂടുമ്പോഴാണ് ഉത്സവങ്ങൾ സാർത്ഥകമാകുന്നത്? ഇന്നിതാ ഓണം മലയാളിയുടെ മനസ്സിൽ നിന്നും കുടിയിറങ്ങി കമ്പോളത്തിന്റെ വർണ്ണപ്രഭയിൽ അലഞ്ഞുതിരിയുന്നു.

പോയകാലത്തെ പൂമാല ചൂടിച്ച മഹാസങ്കൽപ്പത്തിന്റെ വർണ്ണക്കുടകൾ നമ്മെ സംരക്ഷിക്കട്ടെ. അതിനെ തകർത്തു കളയുന്ന അതിന്റെ ശോഭ കെടുത്തുന്ന നന്മ നഷ്ടപ്പെടുത്തുന്ന മഹാവർഷ പാതങ്ങളിൽ നിന്നും കഴിയുന്നത്ര വീണ്ടെടുക്കണം. നമ്മുടെ ഓണത്തെ ഓണം ചോർന്നുപോയാൽ ഓണത്തിന്റെ സ്വാശ്രയ സങ്കൽപ്പം നഷ്ടമായാൽ പിന്നെ മലയാളിയെവിടെ?

അതിനാൽ അടുത്ത ഓണത്തിനെങ്കിലും ഉപ്പേരി വറുക്കുന്നതിനുള്ള ഒരു നേന്ത്രക്കുല നമ്മൾ നട്ടുനനച്ചു വളർത്തുന്ന നേന്ത്രവാഴയിൽ നിന്നും വിളവെടുക്കുന്നതാകണം. ഓണത്തിന് ഒരു പറ നെല്ല് കൊയ്തെടുക്കാൻ പാകത്തിൽ വീട്ടുവളപ്പിലെ ഏതെങ്കിലുമൊരു ഭാഗത്ത് കരനെല്ല് നമുക്ക് കൃഷി ചെയ്യാം നമ്മുടെ കുഞ്ഞുങ്ങൾ നെല്ലും നെല്ലുവിളയുന്ന ചെടിയും അങ്ങനെയെങ്കിലും ഒന്നു കാണട്ടെ. രണ്ടുമൂട് മരച്ചീനിയും ചേനയും വെട്ടുചേമ്പും അത്യാവശ്യം കായ്കറികളും അടുക്കള മുറ്റത്തോട് ചേർന്ന് തന്നെ ഓണം കണക്കാക്കി നടാം നമുക്ക്. ഓണസദ്യ വിളമ്പുവാൻ തൂശനില മുറിച്ചെടുക്കാൻ ഒന്നുരണ്ട് പാളയങ്കോടൻ വാഴയോ ഞാലിപ്പൂവനോ കുഴിച്ചുവെയ്ക്കണം. ഇതിനൊക്കെ വേണ്ടിയുള്ള കൊച്ച് കൊച്ച് അധ്വാനം ആരോഗ്യരക്ഷയ്ക്കുള്ള മരുന്നുകൂടിയാണ്. മാത്രമല്ല നമ്മുടെ അടുക്കളയിലെ മാലിന്യങ്ങൾ കവറിലാക്കി വഴിയോരത്ത് വലിച്ചെറിയാതെ ഈ വാഴച്ചുവട്ടിലിടാം. അത് വാഴയ്ക്ക് വളമായി മാറുകയും ചെയ്യും. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഓണത്തെ വീണ്ടെടുക്കാൻ ഇങ്ങനയോ നമുക്ക് കഴിയൂ. ആഘോഷങ്ങളുടെ നിയോൺ വെളിച്ചത്തിൽ വിപണി ബ്രാൻഡ് അംബാസഡറാക്കി വികൃതമാക്കിയ മഹാബലി ചക്രവർത്തിയെ മോചിപ്പിക്കാനും ഇതാണ് മാർഗ്ഗം.●

*ആകാശവാണി തിരുവനന്തപുരം നിലയത്തിലെ പ്രോഗ്രാം എക്സിക്യൂട്ടീവ് ആണ് ലേഖകൻ*

# പ്ലാസ്റ്റിക് മാലിന്യ പരിപാലനം എങ്ങനെ യാഥാർത്ഥ്യമാക്കാം

എം ദിലീപ് കുമാർ

പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വിശേഷിച്ചും പ്ലാസ്റ്റിക് സഞ്ചികൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. എന്നാൽ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം സാധാരണ ജനങ്ങളുടെ ജീവിതവുമായി ഇടപഴകി കിടക്കുന്നതിനാൽ ഇവയെ പൂർണ്ണമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരോധിച്ചിട്ടില്ല. എന്നാൽ ചില നിയന്ത്രണങ്ങൾ ഈ മേഖലയിൽ പല സംസ്ഥാനങ്ങളിലും വിനോദ സഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളിലും കേന്ദ്രീകരിച്ച് നടന്നിട്ടുണ്ട്. സിംല, ഊട്ടി, ഹിമാചൽ, ഗോവ തുടങ്ങിയ സ്ഥലങ്ങളിലെ പ്ലാസ്റ്റിക് നിരോധനങ്ങൾ, ഗുരുവായൂരിലും ശബരിമലയിലും ഏർപ്പെടുത്തിയ നിരോധനങ്ങൾ തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

വർദ്ധിച്ചുവരുന്ന പരിസ്ഥിതി അവബോധവും ജനാഭിലാഷവും പലതരത്തിലുള്ള പ്ലാസ്റ്റിക് നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. ഇതിൽ എടുത്തുപറയാവുന്നത് പ്ലാസ്റ്റിക് സഞ്ചികളുടെ കട്ടി ഉയർത്തി പ്ലാസ്റ്റിക് സഞ്ചികൾ പാഴാകുന്നത് കുറയ്ക്കുവാനും പുനരുപയോഗവും പുനഃചംക്രമണവും കൂടുതൽ ആകർഷകമാക്കുവാനും നടത്തിയ ശ്രമങ്ങളാണ്. ഇതിനായി ദേശീയതലത്തിൽ 1999ൽ പുനഃചംക്രമണ പ്ലാസ്റ്റിക് നിർമ്മാണ ഉപയോഗചട്ടങ്ങൾ നിലവിൽ വന്നു. ഇതനുസരിച്ച് പ്രധാനമായും 20 മൈക്രോണിൽ (ഒരു മൈക്രോൺ എന്നത് ഒരു മില്ലീമീറ്ററിന്റെ ആയിരത്തിലൊന്ന് അംശം) താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ ദേശവ്യാപകമായി നിരോധിച്ചിരുന്നു.

**പ്ലാസ്റ്റിക് മാലിന്യങ്ങൾ വിവിധ തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും അവയുടെ ഉപയോഗം കുറയ്ക്കുകയും പുനരുപയോഗ - പുനചംക്രമണ പ്രക്രിയകൾ നടത്തിയാൽ അവയെ പരിസ്ഥിതി സൗഹൃദമായി ഉപയോഗപ്പെടുത്തുവാൻ കഴിയും.**



| ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ആക്ട്)പ്രകാരമുള്ള തരംതിരിവ് | | | |
|---|---|---|---|
| ചിഹ്നം | ചുരുക്കപ്പേര് | ശാസ്ത്രനാമം | ഉപയോഗം |
| 1 | | പോളി എതിലീൻ ടെറിതാലേറ്റ് | കുപ്പികൾ |
| 2 | | ഹൈ ഡെൻസിറ്റി പോളി എതിലിൻ | പാൽകവറുകൾ, ക്യാരി ബാഗുകൾ, കളിപ്പാട്ടങ്ങൾ, ഗാർഹിക ഉപകരണങ്ങൾ |
| 3 | | പോളി വിനൈൽ ക്ലോറൈഡ് | പൈപ്പുകൾ, കേബിളുകൾ കെട്ടിടനിർമ്മാണം |
| 4 | | ലോഡെൻസിറ്റി പോളി എതിലീൻ | ക്യാരി ബാഗുകൾ, കളിപ്പാട്ടങ്ങൾ, ഫിലിമുകൾ |
| 5 | | പോളി പ്രൊപ്പലിൻ | മരുന്നുകുടുകൾ പാക്കേജിംഗ്, ഫിലിമുകൾ, ആഹാരസാധനങ്ങൾ പൊതിയുന്നതിന് |
| 6 | | പോളി സ്റ്റൈറീൻ | ചായകപ്പുകൾ, ഐസ്ക്രീം കപ്പുകൾ |
| 7 | | മറ്റുള്ളവ- തെർമോസെെറ്റ് പ്ലാസ്റ്റിക്, പോളി കാർബണേറ്റ്, നൈലോൺ തുടങ്ങിയവ | ടെലിഫോൺ ഭാഗങ്ങൾ യന്ത്രഭാഗങ്ങൾ, കൃത്രിമ റബ്ബർ, വസ്ത്രനിർമ്മാണം, നാരുകൾ |

കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് 20 മൈക്രോണിൽ നിന്നും 30 മൈക്രോൺ ആയി ഉയർത്തുകയും തുടർന്ന് 40 മൈക്രോണായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കട്ടി കുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കുവാനും ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കാനുമുള്ള അധികാരം കൈവന്നു. ഇവയൊന്നും തന്നെ ഫലപ്രദമായി നടപ്പിലാക്കാൻ പല കാരണങ്ങൾ കൊണ്ടും കഴിഞ്ഞില്ല. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വീണ്ടെടുത്ത് ഉപയോഗപ്പെടുത്തുവാനും പല ശ്രമങ്ങളും കേരളത്തിൽ നടന്നു. റോഡ് ടാറിംഗിന് ഉപയോഗിക്കുന്ന മെറ്റൽ ചൂടാക്കുമ്പോൾ അതിൽ പ്ലാസ്റ്റിക് സഞ്ചികൾ മുറിച്ചത് ചേർത്ത് മെറ്റലിന് ചുറ്റും ഒരു ആവരണം ഉണ്ടാക്കുന്നത് മെച്ചമാണെന്ന് കാണുകയുണ്ടായി. എന്നാൽ ഇത് വ്യാപകമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല അത് റോഡിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന വാദഗതിയും ഉണ്ടായി. തുടർന്ന് ബിറ്റുമിനിൽ പ്ലാസ്റ്റിക് സഞ്ചി കൂടി ഉരുക്കിച്ചേർത്ത് ടാർ ലഭ്യമാക്കാൻ ശ്രമം നടന്നുവെങ്കിലും പ്ലാസ്റ്റിക് സഞ്ചികളിലെ അഴുക്കും മാലിന്യങ്ങളും ടാറിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന ആശങ്കകളും ഉണ്ടായി. ദേശീയ തലത്തിൽ വളരെ വ്യാപകമായി പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗപ്പെടുത്തുവാൻ ചില ശ്രമങ്ങൾ നടന്നു. ഇവയിൽ പ്രധാനപ്പെട്ടത് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ ചില പഠനങ്ങളാണ്. പാഴ് പ്ലാസ്റ്റിക് സഞ്ചികൾ ചെറിയ കഷണങ്ങളായി മുറിച്ച് സിമന്റ് നിർമ്മാണ ശാലകളിൽ ഇന്ധനമായി കൽക്കരിയോട് ചേർത്താൽ കൽക്കരിയുടെ അളവ് കുറയ്ക്കാമെന്നും ഉയർന്ന ഊഷ്മാവിലാകയാൽ വായു മലിനീകരണവും വിഷവാതകങ്ങളും ഉണ്ടാകില്ല എന്നും പഠനം വഴി കണ്ടിരുന്നു. അപ്രകാരം സിമന്റ് നിർമ്മാണ ശാലകളിൽ പ്ലാസ്റ്റിക് സഞ്ചികളും കൂടി ഇന്ധനമായി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇതും കേരളത്തിൽ അത്രകണ്ട് പ്രയോജനപ്പെട്ടില്ല.

കേരളത്തിൽ മുൻകാലങ്ങളിൽ നടന്ന പ്ലാസ്റ്റിക് നിയന്ത്രണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത് പ്ലാസ്റ്റിക് കവറുകളുടെ കട്ടികൂട്ടി പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറക്കുവാനും പ്ലാസ്റ്റിക് സഞ്ചികൾ പുനഃചംക്രമണം നടത്തുവാൻ പ്രോത്സാഹനം നൽകുന്ന പ്രവർത്തനങ്ങളുമാണ്. പ്ലാസ്റ്റിക് കവറുകൾ പോളി എത്തിലീൻ എന്നതരം പ്ലാസ്റ്റിക്കാകയാൽ അവയെ വീണ്ടും ഉരുക്കി ഗ്രാന്യൂളുകളാക്കി പുനഃചംക്രമണം നടത്തുവാൻ സാധിക്കുമെങ്കിലും പ്രസ്തുത പുനഃചംക്രമണം സാമ്പത്തികമായും പ്രായോഗികമായും ഉള്ള ബുദ്ധിമുട്ടുകൾ കാരണം വിജയകരമായില്ല. ഇവയ്ക്കാവശ്യമായ വൃത്തിയുള്ള തരം തിരിച്ച പ്ലാസ്റ്റിക് കിട്ടാനില്ല എന്ന സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ പാഴ് പ്ലാസ്റ്റിക് സഞ്ചികളെ കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വീർപ്പ് മുട്ടുകയാണ്.

ഈ സാഹചര്യത്തിലാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് കവറുകൾ തരംതിരിച്ച് സംഭരിച്ച് ഷ്രെഡ്ഡിംഗ് മെഷീൻ ഉപയോഗിച്ച് പൊടിച്ച് സൂക്ഷിക്കുവാനുള്ള ശ്രമം നടത്തിയത്. ഇത്തരത്തിൽ പൊടിച്ച പ്ലാസ്റ്റിക് കവറുകൾ ജില്ലാതലത്തിൽ എത്തിച്ച് ഉരുക്കി അവയിൽ നിന്നും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ നിർമ്മിച്ച് പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുവാക്കുവാൻ സാധിക്കും. അപ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ പൊടിക്കുന്ന ഷ്രെഡ്ഡിംഗ് യൂണിറ്റും ജില്ലാ തലത്തിൽ ഗ്രാന്യൂൾ യൂണിറ്റും സ്ഥാപിക്കുവാനുള്ള ഒരു വാർഷിക പദ്ധതി തയ്യാറായിക്കൊണ്ടിരിക്കുന്നു.

## എന്താണ് പ്ലാസ്റ്റിക് ?

ഉയർന്ന തന്മാത്രാപിണ്ഡമുള്ള പോളിമറുകളാണ് പ്ലാസ്റ്റിക്. ഹൈഡ്രോകാർബണുകളുടെ വൻ തന്മാത്രകൾ, യോജിച്ച കാറ്റലിസ്റ്റിന്റെ സാന്നിധ്യത്തിൽ എത്തിലീൻ, പ്രൊപ്പലീൻ, വിനൈൽ, സ്റ്റൈറീൻ, ബെൻസീൻ തുടങ്ങിയ മോണോമറുകളുമായി വേർപിരിയുന്നു. രാസപ്രവർത്തനത്തിലൂടെ (പോളിമറൈസേഷൻ) കൂടിച്ചേർന്ന് വിവിധതരത്തിലുള്ള പ്ലാസ്റ്റിക്കുകളാകുന്നു. പ്രകൃതിദത്ത പോളിമറുകൾ കൊണ്ട് നിർമ്മിക്കുന്ന പ്ലാസ്റ്റിക്കൊഴികെ മറ്റെല്ലാതരം പ്ലാസ്റ്റിക്കും ജൈവ വിഘടനം സംഭവിക്കാത്തവയാണ്.

## വിവിധതരം പ്ലാസ്റ്റിക്കുകൾ

റീസൈക്ലബിൾ പ്ലാസ്റ്റിക് (തെർമോ പ്ലാസ്റ്റിക്)-പോളി എത്തിലീൻ ടെറിതാലേറ്റ്, ലോഡെൻസിറ്റി പോളി എത്തിലീൻ, ഹൈ ഡെൻസിറ്റി പോളി എത്തിലിൻ പോളി വിനൈൽ ക്ലോറൈഡ്, പോളി പ്രൊപ്പലീൻ, പോളി സ്റ്റൈറീൻ തുടങ്ങിയവ.

നോൺ റീസൈക്ലബിൾ പ്ലാസ്റ്റിക് (തെർമോ സെറ്റ് പ്ലാസ്റ്റിക്കും മറ്റുള്ളവയും)മൾട്ടിലെയർ ആന്റ് ലാമിനേറ്റഡ് പ്ലാസ്റ്റിക്, ബേക്കലൈറ്റ്, അക്രിലോനൈട്രൽ ബ്യൂട്ടഡിൻ സ്റ്റൈറീൻ, പോളിഫിനൈലീൻ ഓക്സൈഡ്, പോളി

കാർബണേറ്റ്, പോളി ബ്യൂട്ടഡിൻ ടെറിതാലേറ്റ്, മെലാമൈൻ, നൈലോൺ തുടങ്ങിയവ.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മുനിസിപ്പൽ ഖരമാലിന്യങ്ങളിൽ 9 ശതമാനത്തോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ കാണപ്പെടുന്നതായാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിൽ തന്നെയും 80 ശതമാനത്തോളം തെർമോ പ്ലാസ്റ്റിക്കുകളാണ്. ബാക്കി വരുന്ന 20 ശതമാനം മാത്രമാണ് പുനരുപയോഗ സാധ്യതയില്ലാത്ത തെർമോസൈറ്റ് പ്ലാസ്റ്റിക്കുകൾ.

## പരിസ്ഥിതി പ്രശ്നങ്ങൾ

ഉപയോഗശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ഓടകളിലും തോടുകളിലും മറ്റും അടിഞ്ഞുകൂടി ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു.

മണ്ണിലെ ജല-വായു സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെട്ട ചപ്പുചവറുകൾ കത്തിക്കുന്നത് വായു മലിനീകരണത്തിന് ഇടയാക്കുന്നു.

ചപ്പുചവറുകൾക്കൊപ്പം കൂട്ടിയിടുന്നത് കമ്പോസ്റ്റിംഗ് പ്രക്രിയയ്ക്ക് തടസ്സമാകുന്നു.

അലക്ഷ്യമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മുടെ നഗരങ്ങളുടെ രമണീയതയ്ക്ക് കോട്ടം ഭവിക്കാനിടയാക്കുന്നു.

## പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്)റൂൾസ്

കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം പരിസ്ഥിതി നിയമത്തിലെ വകുപ്പുകൾ പ്രകാരം വിജ്ഞാപനം ചെയ്ത 1999ലെ പ്ലാസ്റ്റിക് മാനുഫാക്ചർ, സെയിൽ ആന്റ് യൂസേജ് റൂൾസിന് പകരമായി പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 2011 പുതുതായി 4.02.2011ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതാണ് ഇപ്പോൾ നിലവിലുള്ള ചട്ടങ്ങൾ. ഈ ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണത്തിനായി നിലവിലുണ്ട്.

1. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് (വർജിൻ, റീസൈക്കിൾഡ്, കമ്പോസ്റ്റബിൾ)ക്യാരിബാഗുകളുടെ ഉത്പാദനം, ശേഖരണം, വിതരണം വിൽപ്പന എന്നിവ നിരോധിച്ചിരിക്കുന്നു.
2. റീസൈക്കിൾഡ് / കമ്പോസ്റ്റബിൾ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിനോ, കൊണ്ടുപോകുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉപയോഗിക്കുവാൻ പാടില്ല.
3. റീസൈക്കിൾഡ് ക്യാരിബാഗുകൾ ഇന്ത്യൻ സ്റ്റാൻഡേർഡ് കട 14534:1998 അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ളതാവണം.
4. കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കുകൾ കൊണ്ട് നിർമ്മിതമായ ക്യാരിബാഗുകൾ ഇന്ത്യൻ സ്റ്റാൻഡേർഡ് കട 17088: 2008 പ്രകാരമുള്ളതാകണം. റീസൈക്കിൾ ചെയ്ത ക്യാരിബാഗുകൾ റീസൈക്കിൾഡ് എന്ന് രേഖപ്പെടുത്തുകയോ കട പ്രകാരമുള്ള ലേബൽ പതിക്കുകയോ വേണം.
5. ക്യാരിബാഗുകൾ വെള്ള നിറത്തിലുള്ളവയോ ഇന്ത്യൻ സ്റ്റാൻഡേർഡ് കട 9833: 1981 ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ, കുടിവെള്ളം എന്നിവയുമായി സ്പർശിക്കുന്ന പ്ലാസ്റ്റിക്കിൽ ഉപയോഗിക്കുന്ന ചായകളും നിറങ്ങളും പ്രകാരം അനുവദനീയമായ ചായങ്ങളോ നിറം പകരാൻ ഉപയോഗിക്കുന്ന വസ്തുക്കളോ ഉപയോഗിച്ച് നിർമ്മിച്ചവയോ ആയിരിക്കണം.
6. റീസൈക്കിൾഡ് ക്യാരിബാഗ് -ലേബൽ



**പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ വിശേഷിച്ചും പ്ലാസ്റ്റിക് സഞ്ചികൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. എന്നാൽ പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം സാധാരണ ജനങ്ങളുടെ ജീവിതവുമായി ഇടപഴകി കിടക്കുന്നതിനാൽ ഇവയെ പൂർണ്ണമായി കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നിരോധിച്ചിട്ടില്ല.**

ഈ പശ്ചാത്തലങ്ങളിലാണ് 2011ൽ നിലവിൽ വന്ന പ്ലാസ്റ്റിക് മാലിന്യകൈകാര്യചട്ടങ്ങളുടെ പ്രസക്തി. ഇതിൻപ്രകാരം പ്ലാസ്റ്റിക് സഞ്ചികളുടെ കനം കൂട്ടുകയും പാൻപരാഗ് പോലെയുള്ളവ പ്ലാസ്റ്റിക് കവറുകളിൽ പായ്ക്ക് ചെയ്യുന്നതും വിൽക്കുന്നതും നിരോധിക്കുകയും പ്ലാസ്റ്റിക് കവറുകൾ സൗജന്യമായി വിൽക്കുന്നത് നിരോധിച്ചുകൊണ്ട് കവറുകൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയും പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിക്കുവാനും അവ പുനഃചംക്രമണം നടത്തുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ചുമതലയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതുമുൾപ്പെടെ

വിപുലമായ നടപടികൾ ഈ ചട്ടങ്ങൾ പ്രകാരം ലക്ഷ്യമിടുന്നു. പാഴ് പ്ലാസ്റ്റിക് വസ്തുക്കൾ റോഡ് ടാറിംഗിനായും സിമന്റ് നിർമ്മാണത്തിന് ഇന്ധനമായും പ്രയോജനപ്പെടുത്തണമെന്ന് ഈ ചട്ടങ്ങൾ അനുശാസിക്കുന്നു. കേരളത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന തരത്തിലാണ് ദേശീയ തലത്തിൽ നിലവിൽ വന്ന 2011ലെ ചട്ടങ്ങൾ

പ്രസ്തുത ചട്ടങ്ങൾ പ്രകാരം, ഭക്ഷണ സാധനങ്ങൾ പൊതിയാനും മരുന്ന്, കുടിവെള്ളം ഇവ പായ്ക്ക് ചെയ്യുന്നതിനും ഉപയോഗിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ വെള്ളനിറത്തിലോ അതിന് 150 ഐ എസ് ഒ 98331981 എന്ന സ്റ്റാൻഡേർഡിൽ അനുശാസിക്കുന്ന നിറത്തിലോ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. പ്ലാസ്റ്റിക് സഞ്ചികൾ 40 മൈക്രോൺ താഴെ കട്ടിയുള്ളവ ഉത്പാദിപ്പിക്കുവാനോ സൂക്ഷിച്ചുവയ്ക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ പാടില്ല. കൂടാതെ ആഹാരസാധനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുനഃചംക്രമണം ചെയ്ത പ്ലാസ്റ്റിക് കവറുകൾ ജൈവ ജീർണ്ണനം നടക്കുന്ന പ്ലാസ്റ്റിക് കവറുകളോ ഉപയോഗിക്കുവാൻ പാടില്ല.

പുതുക്കിയ ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ ചുമതലകളും അധികാരങ്ങളും നിലവിൽ വന്നിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇതിൻപ്രകാരം സുരക്ഷിതമായി ശേഖരിക്കുവാനും സംഭരിക്കുവാനും ട്രാൻസ്പോർട്ട് ചെയ്യുവാനും നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള ചുമതല അതാതു സ്വയംഭരണാധികാരികൾക്കാണ്. കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കുകയും, പ്ലാസ്റ്റിക് പുനഃചംക്രമണത്തിന് ശേഷം ഉണ്ടാകുന്ന അവശിഷ്ടങ്ങൾ 2000-ാം ആണ്ടിലെ നഗര ഖരമാലിന്യ പരിപാലന കൈകാര്യ ചട്ടങ്ങൾ പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അതോടൊപ്പം ക്യാരിബാഗുകൾ സൗജന്യമായി ചില്ലറ വിൽപ്പനക്കാർ വഴി വിതരണം ചെയ്യുന്നില്ലായെന്നും പ്ലാസ്റ്റിക് സഞ്ചികളുടെ വലിപ്പം, കനം, പ്ലാസ്റ്റിക്കിന്റെ സ്വഭാവം ഇവയെല്ലാം കണക്കിലെടുത്ത് ചില്ലറ വിൽപ്പനയ്ക്ക് ഏറ്റവും കുറഞ്ഞ വില എത്രയെന്ന് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും ഇവരുടെ ചുമതലയാണ്.

അപ്രകാരം കോർപ്പറേഷനുകൾ മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് ഖരമാലിന്യ പരിപാലനം നിർബന്ധമാക്കിയിട്ടുള്ളതിനാൽ ഈ ചട്ടങ്ങൾ ബാധകമാണ്.

### മുനിസിപ്പൽ അതോറിറ്റിയുടെ ഉത്തരവാദിത്തങ്ങൾ

- പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശരിയായ രീതിയിലുള്ള ശേഖരണം, സൂക്ഷിക്കൽ, തരംതിരിക്കൽ, പരിവഹണം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ ഉറപ്പാക്കുക
- പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത രീതിയിൽ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക
- ഉത്പാദകരുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി മതിയായ കളക്ഷൻ സെന്ററുകൾ രേഖപ്പെടുത്തുക. ഇതിലേക്ക് ഉത്പാദകന്റെ വിപുലീകൃത ഉത്തരവാദിത്തത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദകരിൽ നിന്നും സാമ്പത്തിക സഹായം മുനിസിപ്പൽ അതോറിറ്റികൾക്ക് ആവശ്യപ്പെടാവുന്നതാണ്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലേഴ്സിന് എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
- ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവർക്ക് അവബോധം നൽകുക
- മാലിന്യം ശേഖരിക്കുന്നതിനായി ഏജൻസികളെ ഏർപ്പെടുത്തുക
- പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസ്സായി കത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക

മേൽപ്പറഞ്ഞ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കുന്നതിനായി മുനിസിപ്പൽ അതോറിറ്റികൾ മുനിസിപ്പൽ ബൈലോയിൽ അക്കാര്യങ്ങൾ ഉൾപ്പെടുത്തുക

### സ്റ്റേറ്റ് ലെവൽ അഡ്വൈസറി ബോഡി

ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കുവാനായി സെക്രട്ടറി, അർബൻ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ചെയർമാനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു സ്റ്റേറ്റ് ലെവൽ അഡ്വൈസറി ബോർഡ് രൂപീകരിക്കേണ്ടതുണ്ട്.

1. സംസ്ഥാന പരിസ്ഥിതി വകുപ്പിലെ ഒരു വിദഗ്ധൻ
2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഒരു വിദഗ്ധൻ
3. അർബൻ ലോക്കൽ ബോഡിയിലെ ഒരു വിദഗ്ധൻ
4. നോൺ ഗവൺമെന്റ് ഓർഗനൈസേഷന്റെ ഒരു വിദഗ്ധൻ
5. ഇൻഡസ്ട്രിയിലെ ഒരു വിദഗ്ധൻ
6. അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷനിലെ ഒരു വിദഗ്ധൻ

അഡ്വൈസറി ബോഡി വർഷത്തിലൊരിക്കലെങ്കിലും കൂടണം. ആവശ്യമെങ്കിൽ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്താവുന്നതുമാണ്.

### മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതല

പ്ലാസ്റ്റിക് ക്യാരി ബാഗുകളും മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുന്നതിനും റീസൈക്കിൾ ചെയ്യുന്നതിനും രജിസ്ട്രേഷൻ നൽകുക.

### പ്ലാസ്റ്റിക് നിയന്ത്രണം കേരളത്തിൽ

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാസ്റ്റിക് നിയന്ത്രണത്തിന് താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. 30 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളും സംഭരണികളും സംസ്ഥാനത്തുടനീളം നിരോധനം ഏർപ്പെടുത്തി. പുതിയ നിയമം പ്രാബല്യത്തിൽ വന്നതുമുതൽ കുറഞ്ഞ കനം 40 മൈക്രോണായി നിജപ്പെടുത്തിയിരിക്കുന്നു.
2. അലങ്കാര ആവശ്യങ്ങൾക്കായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചു
3. പി വി സി പോലുള്ള ഹാലജനേറ്റഡ് പ്ലാസ്റ്റിക് നിർമ്മിത ക്യാരിബാഗുകളോ സംഭരണികളോ ഉപയോഗിക്കുന്നത് നിരോധിച്ചു
4. ശബരിമല തീർത്ഥാടനകാലത്ത് സന്നിധാനം, പമ്പ, ചാലക്കയം, നിലക്കൽ, എരുമേലി എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപ്പന നടത്തുന്നതിലും ഉപയോഗിക്കുന്നതിലും പ്ലാസ്റ്റിക് കുപ്പികളും കൂടുകളും ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ ജലാശയങ്ങളിലേക്കോ തുറസ്സായ സ്ഥലങ്ങളിലേക്കോ വലിച്ചെറിയുന്നതിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് ചട്ടങ്ങൾ 2011 നടപ്പിലാക്കുന്നതോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വ്യാപനം കുറയുമെന്നും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗത്തിൽ നിയന്ത്രണമുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

### പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്തുചെയ്യാം?

പ്ലാസ്റ്റിക് പാഴ് വസ്തു പരിപാലനത്തിന് പുനഃചംക്രമണം, ഇൻസിനറേഷൻ, ലാൻഡ് ഫിൽ എന്നീ സാങ്കേതിക വിദ്യകളാണ് പൊതുവായി അവലംബിച്ചുപോരുന്നത്. പുനഃചംക്രമണമാണ് പ്ലാസ്റ്റിക് പാഴ് വസ്തു പരിപാലനത്തിന് സ്വീകരിക്കാവുന്ന എളുപ്പ മാർഗ്ഗം. എങ്കിലും എല്ലാത്തരം പ്ലാസ്റ്റിക് പാഴ് വസ്തുക്കളും പുനഃചംക്രമണത്തിന് വിധേയമാക്കാൻ കഴിയുകയില്ല. മാത്രവുമല്ല പുനഃചംക്രമണത്തിനായുള്ള പാഴ് വസ്തുക്കളുടെ തരംതിരിച്ചുള്ള ലഭ്യത, പുനഃചംക്രമണ പ്രക്രിയയിലൂടെ ഉണ്ടാകുന്ന വസ്തുക്കളുടെ വിപണി, പുനഃചംക്രമണത്തിനുള്ള ചെലവ് എന്നീ വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് പുനഃചംക്രമണ സാധ്യത. അതുകൊണ്ട് തന്നെ മറ്റുരീതികളും മാർഗ്ഗങ്ങളും കൂടി അവലംബിക്കേണ്ടി വരുന്നു. പ്ലാസ്റ്റിക് പാഴ്‌വസ്തു നിർമ്മാർജ്ജനത്തിന് ഇൻസിനറേഷൻ പ്രചാരമുള്ള സാങ്കേതികവിദ്യയാണ്. പ്രത്യേകം രൂപകൽപ്പന ചെയ്ത അറകൾക്കുള്ളിൽ കത്തിച്ചുകളയുന്ന വിദ്യയാണ് ഇൻസിനേറേഷൻ. ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച ഇൻസിനറേറ്ററുകൾ ആയിരിക്കണം ഉപയോഗിക്കേണ്ടത്. അല്ലാത്തപക്ഷം പല പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾക്കും ഇടയാക്കും. ഇത് കണക്കിലെടുത്ത് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് കൂടുതൽ സുരക്ഷിതമായ പല പുതിയ സാങ്കേതിക വിദ്യകളും പരീക്ഷിക്കുകയും ഇന്ത്യയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് കണ്ടെത്തുകയും ചെയ്തു.

### റോഡ് നിർമ്മാണത്തിന്

.... എന്നീ വിഭാഗത്തിൽപ്പെടുന്ന പ്ലാസ്റ്റിക പാഴ് വസ്തുക്കളാണ് റോഡ് നിർമ്മാണത്തിന് അനുയോജ്യമായി കണ്ടെത്തിയിരിക്കുന്നത്. പാഴ് വസ്തുക്കൾ വേർതിരിച്ച ശേഷം വൃത്തിയാക്കി ചെറിയ കഷണങ്ങളാക്കുക. ഹോട്ട് മിക്സ് പ്ലാന്റിൽ ചല്ലി നിശ്ചിത ഊഷ്മാവിൽ ചൂടാക്കിയശേഷം അതിലേക്ക് പ്ലാസ്റ്റിക് കഷണങ്ങളിട്ട് നന്നായി ഇളക്കുക. ... ന് പുറത്ത് പ്ലാസ്റ്റിക് ഉരുകി ആവരണം രൂപപ്പെട്ട് കഴിഞ്ഞാൽ ഉടൻ തന്നെ ചൂടാക്കിയ ടാർ മിശ്രിതം അതിലേക്ക് ഒഴിച്ച് നന്നായി ഇളക്കിയശേഷം റോഡിൽനിരത്തി പോളിമർ മിക്സഡ് ബിറ്റുമിൻ റോഡ് നിർമിക്കാം.



**തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് കവറുകൾ തരം തിരിച്ച് സംഭരിച്ച് ഷ്രെഡ്ഡിംഗ് മെഷീൻ ഉപയോഗിച്ച് പൊടിച്ച് സൂക്ഷിക്കുവാനുള്ള ശ്രമം നടത്തിയത്. ഇത്തരത്തിൽ പൊടിച്ച പ്ലാസ്റ്റിക് കവറുകൾ ജില്ലാതലത്തിൽ എത്തിച്ച് ഉരുക്കി അവയിൽ നിന്നും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ നിർമ്മിച്ച് പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുവാക്കുവാൻ സാധിക്കും. അപ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ പൊടിക്കുന്ന ഷ്രെഡ്ഡിംഗ് യൂണിറ്റും ജില്ലാ തലത്തിൽ ഗ്രാന്യൂൾ യൂണിറ്റും സ്ഥാപിക്കുവാനുള്ള ഒരു വാർഷിക പദ്ധതി തയ്യാറായിക്കൊണ്ടിരിക്കുന്നു.**

പോളിമർ മിക്സഡ് റോഡിന്റെ പ്രത്യേകതകൾ

സാധാരണ ബിറ്റുമിൻ റോഡിന്റെ ഇരട്ടി ഉറപ്പ്

വെള്ളം കെട്ടിക്കിടക്കുന്നത് കുറയുക വഴി കുഴികൾ രൂപപ്പെടുന്നത് കുറയും

സാധാരണ റോഡ് നിർമ്മാണത്തിനുവേണ്ട ഉപകരണങ്ങൾ കൂടാതെ വേറെ യന്ത്രസാമഗ്രികൾ ആവശ്യമില്ല. റോഡ് നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിന്റെ അളവ് കുറയ്ക്കുക വഴി നിർമ്മാണ ചെലവ് കുറയും.

ഇതിൽ പല ഭാഗത്തും ഇത്തരം പോളിമർ മിക്സ്ഡ് ബിറ്റുമിൻ റോഡുകൾ പരീക്ഷണാർത്ഥം നിർമ്മിച്ചിട്ടുണ്ട്. ബിറ്റുമിന്റെ ഭാരത്തിന്റെ 10 മുതൽ 15 ശതമാനം വരെ പ്ലാസ്റ്റിക് ചേർത്താണ് റോഡ് നിർമ്മാണം നടത്തുന്നത്.

2. സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ നിശ്ചിത അളവിൽ... ഒഴികെയുള്ള പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ കത്തിക്കുന്നത് പ്രായോഗികമാണെന്നും കൂടുതൽ മലിനീകരണം ഉണ്ടാകുകയില്ലെന്നും പഠനങ്ങളിൽ കണ്ടതിനെ തുടർന്ന് പരീക്ഷണം നടത്തിയശേഷം പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ ചൂളകളിൽ ഉപയോഗിക്കുവാൻ സിമന്റ് മില്ലുകൾക്ക് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുവാദം നൽകിയിട്ടുണ്ട്.

### ഇന്ധന എണ്ണയായി രൂപാന്തരപ്പെടുത്തൽ

പൂർണ്ണമായി അടച്ച റിയാക്ടറിനുള്ളിൽ കാറ്റലിസ്റ്റിന്റെ സഹായത്താൽ ഡീ പോളിമറൈസേഷൻ രാസപ്രക്രിയ വഴി പ്ലാസ്റ്റിക് പാഴ് വസ്തുക്കളെ ഇന്ധന എണ്ണയായി മാറ്റുന്ന സാങ്കേതിക വിദ്യയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള ഒരു ഡമോൺസ്ട്രേഷൻ പ്ലാന്റ് നാഗ്പൂരിൽ സ്ഥാപിച്ചിട്ടുണ്ട്. കഷണങ്ങളാക്കിയ പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ റിയാക്ടറിൽ 270-300 ഡിഗ്രി വരെ ചൂടാക്കിയ ശേഷം ബാഷ്പീകരിച്ച് എണ്ണയാക്കി മാറ്റുന്നു.

*ശുചിത്വ മിഷൻഎക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ*

# കൂടാരകൃഷിക്ക് സാധ്യതയേറെ



എം.എം. സുധീർബാബു, പട്ടാമ്പി

കേരളത്തിലിന്ന് ഏറെ ചർച്ചാവിഷയമാണ് ഗ്രീൻ ഹൗസ് അല്ലെങ്കിൽ പോളിഹൗസിനകത്തെ കൃഷിസമ്പ്രദായം. ഇതിനെ സംരക്ഷിതകൃഷി, കൂടാരകൃഷി എന്നെല്ലാം പറയാം. കേരളത്തിൽ ഹൈടെക് കൃഷിരീതിക്ക് മുമ്പത്തേക്കാളും പ്രാധാന്യമാണുള്ളത്. സംസ്ഥാന സർക്കാരും കൃഷി വകുപ്പും വളരെയേറെ പ്രോത്സാഹന പദ്ധതികളാണീ മേഖലകളിൽ തുടങ്ങിയിട്ടുള്ളത്. സംസ്ഥാന ഹോർട്ടികളച്ചർ മിഷന്റെ സഹായ പദ്ധതികളും കേരളത്തിലെ കർഷകർക്ക് ഗുണമായിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ പോളിഹൗസ് കൃഷി അല്ലെങ്കിൽ ഹരിത ഗൃഹകൃഷി. ഏറെ പ്രിയമായി വന്നിരിക്കുകയുമാണ്. കേരളത്തിന്റെ ബജറ്റിലും ഹരിതഗൃഹ കൃഷിക്ക് മുന്തിയ പരിഗണന നൽകിയത് ഏറെ ശ്രദ്ധേയമാണ്.

ഓരോ പഞ്ചായത്തിലും മൂന്ന് ഗ്രീൻഹൗസുകൾ നിർമിക്കുന്നതിനാൽ സംസ്ഥാന വ്യാപകമായി ഹൈടെക് കൃഷിക്ക് അടിത്തറ പാകാനും കാർഷികരംഗത്ത് ഹൈടെക് വിപ്ലവം എന്നാശയം സാക്ഷാത്കരിക്കാനും നമുക്ക് നിഷ്പ്രയാസം സാധിക്കും. ഹൈടെക് കൃഷിയിൽ നല്ല പരിശീലനം നേടാനും ഈ രീതി നേരത്തെ ചെയ്തിട്ടുള്ള വ്യക്തികളെ നേരിൽച്ചെന്ന് പരിചയപ്പെടാനും ആദ്യം ശ്രമിക്കണം. ഗുണമേന്മകൾക്ക് പുറമെ ഈ മേഖലയിൽ വരാവുന്ന പ്രതിസന്ധികളും തിരിച്ചറിഞ്ഞ് തുടക്കം മുതലേ, നല്ല ജാഗ്രത പുലർത്തിവേണം, മുമ്പോട്ടു പോവാൻ കേരള കാർഷിക സർവകലാശാലയിൽ നിന്നും തമിഴ്നാട് സർവകലാശാലയിൽ നിന്നുമെല്ലാം ഹൈടെക് കൃഷിയിൽ നല്ല പരിശീലനം നേടാം. ഹൈടെക് കൃഷിരീതി വിജയിച്ച കർഷകരെ വയനാട്ടിലെ യുവകർഷകനായ ഡീഗോൾ തോമസും (954440121) തൃശൂരിലെ പൂമലയിലെ ജോസ് (9961115523) എന്നിവർ നമുക്ക് മാതൃകകളാണ്. കേരള കാർഷിക സർവകലാശാലയിൽ ഹൈടെക് ഫാമിങ്ങിന്റെ പരിശീലനത്തിന് സൗകര്യമുണ്ട്. കേരളത്തിൽ പെരുമാട്ടി പഞ്ചായത്തിലുള്ള കാർഷിക മുന്നേറ്റവും ജനശ്രദ്ധയാകർഷിച്ചു വരികയാണ്.

പുതിയ തലമുറകളെ കാർഷികമേഖലയിൽ പിടിച്ചുനിർത്താൻ ഗ്രീൻ ഹൗസ് വഴിയുള്ള കൃഷിക്ക് സാധ്യതയേറെയാണ്. കുറഞ്ഞ സ്ഥലത്തുനിന്ന് കുറച്ചു സമയത്തിനുള്ളിൽ നല്ല കൂടിയ ഉത്പാദനവും മികച്ച വരുമാനവും ഉറപ്പാക്കാൻ ഹൈടെക് കൃഷി സഹായിക്കും. നൂതന സാങ്കേതികവിദ്യകളായ സൂക്ഷ്മജലസേചനം മണ്ണ് ഇതരകൃഷി രീതികൾ, ഫെർട്ടിഗേഷൻ (ജലസേചനത്തോടൊപ്പം വളംചേർക്കലും ഒന്നിച്ചു നൽകുന്ന രീതി) പെസ്റ്റിഗേഷൻ (കീടനിയന്ത്രണ മരുന്നുകൾ, ജലസേചനത്തോടുകൂടി നൽകുന്ന രീതി), മുന്തിയ സങ്കരവിത്തുപയോഗിച്ചുള്ള കൃഷിരീതി, പ്ലാസ്റ്റിക് മൾച്ചിങ്ങ് (പുതയിടീൽ), സൂര്യപ്രകാശത്തിന്റെ നിയന്ത്രിത ഉപയോഗം, രാത്രി-പകൽ ദൈർഘ്യനിയന്ത്രണം എല്ലാ കാലത്തും പുറത്തെ കാലാവസ്ഥ ബാധിക്കാതെയുള്ള കൃഷികൾ എന്നിവ ഇതിൽപ്പെട്ടതാണ്.

മഴക്കാലങ്ങളിലും ഉത്പാദനം നന്നായി നിലനിർത്താൻ സാധിച്ചാൽ ഓണത്തിനാവശ്യമായ പുഷ്പങ്ങൾ, പച്ചക്കറികൾ എന്നിവ ഗ്രീൻ ഹൗസിൽ ഉത്പാദിപ്പിച്ച് വിലവർദ്ധന നിയന്ത്രിക്കാം. നമ്മുടെ അയൽസംസ്ഥാനങ്ങളായ കർണാടകം, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഗ്രീൻഹൗസിനകത്ത് റോസടക്കമുള്ള പുഷ്പങ്ങൾ കൃഷി ചെയ്തുവരുന്നുണ്ട്. ഇത്തരം പുഷ്പകൃഷിക്ക് കേരളത്തിലും സാധ്യതയുള്ളതാണ്. ഹൈടെക് ഫ്ളോറികൾച്ചർ എന്ന ആശയത്തിന് ഇവിടെ

വേരോട്ടം നൽകാൻ നാം ശ്രദ്ധിക്കേണ്ട താണ്.

പ്രതികൂലമായ കാലാവസ്ഥയെ പ്രശ്നമില്ലാതെ, അനുകൂലമാക്കി ഹരിതഗൃഹത്തിൽ വിവിധ വിളകൾ നടാം. ഇവ ഗ്രീൻഹൗസുകൾ നിർമിക്കുന്നതിലും ഗുണമേന്മ ഉറപ്പാ..... സസ്യങ്ങൾ വളരുന്ന പരിസ്ഥിതിയെ നിയന്ത്രിക്കാമെന്നതാണിതിന്റെ സവിശേഷത. പോളിത്തീൻ ഷീറ്റുകൾ ഉപയോഗിച്ചുള്ള ആവരണമാണ് സാധാരണയായിട്ടുപയോഗിച്ചുവരന്നത്. എന്നിരുന്നാലും ഫൈബർ ഗ്ലാസ് എന്നിവയും മികച്ച ഗ്രീൻഹൗസ് ആവരണങ്ങളാണ്. മിസ്റ്റ് ഹൗസ് എന്നും ഷേയ്ഡ് ഹൗസെന്നും ഇവയെ വളിച്ചുവരുന്നുണ്ട്.

വലിയ മുതൽമുടക്കുവരുന്നതാണ് ഗ്രീൻഹൗസ് ഫാമിന്റെ ...... പറയുന്നതെങ്കിലും ഇന്നതും പ്രശ്നമല്ല,. കേരള സംസ്ഥാനത്ത് കർഷകന് രക്ഷയായി, കൃഷി വകുപ്പും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും സദാസഹായത്തിനുണ്ട്. കേരള കാർഷിക സർവകലാശാല ചെലവുകുറഞ്ഞ മഴമറ എന്ന തരം പ്രചരിപ്പിച്ചുവരുന്നുണ്ട്.

ഗ്രീൻഹൗസുകൾ സൂര്യപ്രകാശത്തിന്റെ ഉപയോഗം, പരമാവധി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വിളകളെ ദോഷകരമായി ബാധിക്കുന്ന രശ്മികളെ നിയന്ത്രിക്കുകയും ചെയ്യുന്നു. കാർബൺഡൈയോക്സൈഡിന്റെ സാന്ദ്രത, ഗ്രീൻഹൗസിൽ ....... സസ്യങ്ങളുടെ വളർച്ചമെച്ചപ്പെടുന്നു. ഗ്രീൻഹൗസിന്റെ വശങ്ങളിൽ ഫിറ്റുചെയ്യുന്ന സംരക്ഷണവലകൾ രോഗ-കീടശല്യവും തടയുന്നുണ്ട്.

പുറത്തെ മഴ, കാറ്റ്, മഞ്ഞ്, വെയിൽ ഇവയൊന്നും ഗ്രീൻഹൗസിനകത്തു കൃഷിയിറക്കുന്ന വിളകൾക്ക് പ്രശ്നമേയല്ല. കാലാവസ്ഥ ഭേദമില്ലാതെ വിവിധ വിളകൾ ഇതിൽ കൃഷിയിറക്കാം. നമ്മുടെ നാട്ടിൽ, വേനലിൽ ഗ്രീൻഹൗസിൽ താപനില വർദ്ധിക്കുന്നത് വലിയ പ്രശ്നമാണ്. ഇതൊഴിവാക്കാൻ, നല്ല താപനിർഗമന സംവിധാനം ഉണ്ടാക്കണം.

ചതുരാകൃതിയിൽ നിർമിക്കുന്നതിനെക്കാൾ നല്ലത്, ദീർഘ ചതുരാകൃതിയിലുള്ള ഗ്രീൻഹൗസുകളാണ്. നല്ല ഗുണമേന്മയുള്ള ജി.ഐ പൈപ്പുകൾ ഉപയോഗിച്ചാണ് ഗ്രീൻഹൗസ് നിർമിക്കേണ്ടത്. എല്ലാ വിളകളും പറ്റുമെങ്കിലും ഏറെ പറ്റാത്തത് കാപ്സിക്കം,

**കേരളത്തിന്റെ ബജറ്റിലും ഹരിതഗൃഹകൃഷിക്ക് മുന്തിയ പരിഗണന നൽകിയത് ഏറെ ശ്രദ്ധേയമാണ്. ഓരോ പഞ്ചായത്തിലും മൂന്ന് ഗ്രീൻഹൗസുകൾ നിർമിക്കുന്നതിനാൽ സംസ്ഥാന വ്യാപകമായി ഹൈടെക് കൃഷിക്ക് അടിത്തറ പാകാനും കാർഷിക രംഗത്ത് ഹൈടെക് വിപ്ലവം എന്നാശയം സാക്ഷാത്കരിക്കാനും നമുക്ക് നിഷ്പ്രയാസം സാധിക്കും.**

തക്കാളി, സലാഡ് വെള്ളരി, പയർ വിവിധ ..... എന്നിവയാണ്. ഒരു ചെടിക്ക് നല്ല ഉത്പാദനക്ഷമന കിട്ടണമെങ്കിൽ അതു വളരുന്നതിനു ചുറ്റിലുമുള്ള അന്തരീക്ഷത്തിലെ വെളിച്ചം (പ്രകാശലഭ്യത), അന്തരീക്ഷത്തിലെയും മണ്ണിലെയും വേരിനു ചുറ്റിലുമുള്ള താപനില, വേരുമണ്ഡലത്തിലെ വ്യത്യസ്ഥമൂലകങ്ങളുടെ അളവും വായുസഞ്ചാരവും വളരുന്ന ചെടിക്ക് അനുയോജ്യമായിരിക്കണം. എന്നാൽ പരമ്പരാഗത കൃഷിയിൽ ചെടികളുടെ വേരുമണ്ഡലത്തിലെ വായുസഞ്ചാരവും ഫലപൂഷ്ടിയും മാത്രമേ ക്രമീകരിക്കാൻ കഴിയുകയുള്ളു. പക്ഷെ, ഹരിതഗൃഹ കൃഷിയിൽ എല്ലാ ഘടകങ്ങളും ക്രമീകരിക്കാൻ നമുക്കാവുന്നു.

ഹരിത ഗൃഹങ്ങളിൽ ഏതു വിളകളുടെയും ഉത്പാദനക്ഷമത, തുറസായ സ്ഥലത്തെ കൃഷിയെയപേക്ഷിച്ച് 300 മുതൽ ആയുരം ശതമാനം വരെ കൂട്ടാൻ കഴിയും.

സൂക്ഷ്മകൃഷിയിൽ ഓരോ സ്ഥലത്തെയും മണ്ണിലെ മൂലകങ്ങളുടെ അളവ് കൃത്യമായി കണ്ടുപിടിച്ച് ചെടിക്ക് ആവശ്യമായ അളവിൽ അതിന്റെ വേരുമണ്ഡലത്തിൽതന്നെ വെള്ളവും വളവും നൽകുകയാണ് ചെയ്യുന്നത്. വളം വെള്ളത്തോടൊപ്പം ചെടികൾക്ക് ലഭ്യമായ രൂപത്തിൽ, കൃത്യമായ അളവിൽ പലതവണകളായി നൽകുന്നതിനാൽ ചെടികളുടെ വളർച്ചയും ഉത്പാദനക്ഷമനയും ഗണ്യമായി കൂട്ടാനും വളം വേരുമണ്ഡലത്തിന് താഴെട്ടിറങ്ങി ഭൂഗർഭജലം മലിനീകരിക്കപ്പെടുന്നത് നിയന്ത്രിക്കാനും സാധിക്കും. പാരമ്പര്യ ജലസേചനരീതിയിൽ 30 മുതൽ 40 ശതമാനം വരെ കാര്യക്ഷമതയുള്ളപ്പോൾ സൂക്ഷ്മ ജലസേചനരീതിയിലൂടെ 75 മുതൽ 95 ശതമാനം വരെയാണ് ജലസേചന കാര്യക്ഷമതയുള്ളത്.

ഹരിതഗൃഹങ്ങളിൽ ചെടികളിൽ നിന്നും മണ്ണിൽനിന്നും വെള്ളം നഷ്ടപ്പെടുന്നത് വളരെ കുറവാണ്. വെള്ളവും വളവും ഒന്നിച്ചുനൽകുന്ന ഫെർട്ടിഗേഷൻ (ജലവളപ്രയോഗം) വഴി ചെടികൾക്ക് അവയുടെ വേരുമണ്ഡലത്തിൽ കൃത്യമായ അളവിൽ ഇടവിട്ട് പല പ്രാവശ്യമായി കൊടുക്കുന്നതുമൂലം ചെടികളുടെ വേരുമണ്ഡലങ്ങൾ .......... വായുസഞ്ചാരവും ധാതുലവണങ്ങളും .............. ഹരിതഗൃഹങ്ങളിൽ മണ്ണില്ലാത്ത കൃഷിരീതിയും പ്രചാരം നേടിയിട്ടുണ്ട്. ചകിരിച്ചോറ് പോഷകലായനി, കമ്പോസ്റ്റ് ഉമി എന്നീ മാധ്യമങ്ങളിൽ ചെടികൾ നടുന്നതിനും സാധ്യതയുണ്ട്. കൂടാരകൃഷി (ഗ്രീൻ ഹൗസ് ഫാമിങ്) യിൽ നിന്ന്, കുറഞ്ഞ സമയത്തിൽ, കനത്തവിളവും നല്ല വരുമാനവും നേടാമെന്നതാണ് ഏറ്റവും മെച്ചം. ഇതിലൂടെ യുവാക്കളെ കാർഷികമേഖലയിൽ പിടിച്ചുനിർത്താനും സാധ്യതയുണ്ട്. തുറന്നുകിടക്കുന്ന പ്രദേശത്തെ കൃത്യതാകൃഷിയും ഇന്ന് കേരളത്തിൽ പ്രചാരം നേടിവരികയാണ്. ഹൈടെക് ഫാമിന്റെ ഭാഗമായ ഗ്രീൻഹൗസ് കൃഷിയിൽ വിപണനം സുഗമമാക്കാൻ കർഷകന്റെ നേതൃത്വത്തിൽ തുടങ്ങിയ കൂട്ടായ്മ നല്ല ഉദാഹരണമാണ്. ഗ്രീൻഹൗസ് ഫാമിങ്ങിനെപ്പറ്റിയറിയാൻ ബന്ധപ്പെടാവുന്ന ചില നമ്പരുകൾ ശ്രദ്ധിക്കുക.

ഡോ. നാരായണൻകുട്ടി, പ്രൊഫസർ - 9495634953, ഡീഗോൾ തോമസ് - 9544440121, രാജൻ വാലത്ത്, താന്ന്യം, തൃശൂർ (അമേയ ഹൈടെക് ഫാം) - 9349324925. ഇതല്ലാതെ നിങ്ങളുടെ സമീപത്തെ കൃഷി ഭവനിലെ കൃഷി ഓഫീസർമാരെ ബന്ധപ്പെട്ടാലും ഗ്രീൻഹൗസ് ഫാമിങ്ങിനെപ്പറ്റി വിശദവിവരങ്ങൾ അറിയാം.●

---

*തൃശൂർ സോയിൽ സർവെ ഓഫീസറാണ് ലേഖകൻ*





# പുത്തൻ വികസന മാതൃകകളുമായി സംയോജിത നീർത്തട പരിപാലന പരിപാടി

കെ.ഷൗക്കത്തലി

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത്, എന്നിവയുടെ പുനരുദ്ധാരണത്തിലൂടെ വികസനത്തിന്റെ പുത്തൻ മാതൃകകൾ സൃഷ്ടിക്കാൻ സഹായകമായ പദ്ധതിയാണ് സംയോജിത നീർത്തട പരിപാലന പരിപാടി (IWMP). ഇന്ത്യയിൽ നാളിതുവരെയുള്ള എല്ലാ നീർത്തട പദ്ധതികളും സംയോജിപ്പിച്ച് 2008-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച പൊതു മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2009-10 മുതൽ തുടങ്ങിയ ഈ പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 61 പ്രോജക്ടുകളിലായി 440 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പദ്ധതി നിർവ്വഹണ ഏജൻസി ബ്ലോക്ക് പഞ്ചായത്തുകളാണ്. ജില്ലാ ആസൂത്രണ സമിതി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ മേൽ നോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെയുമാണ് പദ്ധതി നിർവ്വഹണം. സംസ്ഥന തലത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനും, ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി രൂപീകരിക്കപ്പെട്ട സംസ്ഥാനതല നോഡൽ ഏജൻസി (SLNA)യാണ്.

പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

- മണ്ണും, ജലവും, ജൈവസമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവബന്ധം പുന:സ്ഥാപിക്കുക.
- മണ്ണൊലിപ്പ് തടയുകയും, അതുവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത, ജല ആഗിരണ ശേഷി, ഉൽപ്പാദന ക്ഷമത, എന്നിവ വർദ്ധിപ്പിക്കുക.
- മഴവെള്ളം ഭൂമിയിലേയ്ക്ക് പരമാവധി ആഴ്ന്നിറങ്ങാൻ അവസരമൊരുക്കി അതിലൂടെ ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തുക.
- ജൈവ സമ്പത്തിന്റെ ശോഷണം തടയുകയും പരിസ്ഥിതി പുന:സ്ഥാപനം ഉറപ്പുവരുത്തുകയും ചെയ്യുക.
- നാശോൻമുഖമായികൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളും, തണ്ണീർത്തടങ്ങളും, പുന:രുജ്ജീവിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുക.
- ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണത്തിലൂടെ കാർഷികോല്പ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക.
- പ്രകൃതി വിഭവങ്ങളെ ആശ്രയിച്ചു കഴിയുന്ന ജന വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കുക.
- തരിശ്ശു ഭൂമി കൃഷിയോഗ്യമാക്കുക.
- പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക.

സംസ്ഥാനത്ത് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. ആകെ അനുവദിച്ചിട്ടുള്ള പ്രോജക്ട് തുകയുടെ 6% പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി നീക്കിവെക്കപ്പെട്ടിരിക്കുന്നു. ഇതിൽ 1% തുക വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും 1% തുക പദ്ധതി നടത്തിപ്പിനുള്ള പ്രത്യേക സംഘടനാ സംവിധാനങ്ങൾ ഒരുക്കുന്നതിനും





ശേഷിക്കുന്ന 4% തുക എൻട്രിപോയിന്റ് ആക്ടിവിറ്റികൾക്കുമായാണ് വിനിയോഗിക്കുക. സംസ്ഥാനത്ത് ഒന്നും, രണ്ടും ബാച്ചുകളിലായി അനുവദിക്കപ്പെട്ട 26 പ്രോജക്ടുകളിൽ 25 എണ്ണത്തിന്റെയും വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കപ്പെട്ടിട്ടുണ്ട്. സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷനുകളുടെ സഹായത്തോടെ വമ്പിച്ച ജന പങ്കാളിത്തം ഉറപ്പു വരുത്തിയാണ് നിർവ്വഹണ ഏജൻസികളായ ബ്ലോക്ക് പഞ്ചായത്തുകൾ ഡി.പി.ആർ തയ്യാറാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സഹകരണത്തോടെ തയ്യാറാക്കിയ ഉജ്ജ പങ്കാളിത്ത പഠനരീതിയുടെ ഫലപ്രഥമായ ഉപയോഗപ്പെടുത്തൽ, എല്ലാ വിഭാഗം ജനങ്ങളുടേയും സജീവമായ പങ്കാളിത്തം എന്നിവയാൽ രാജ്യത്തിനാകെ തന്നെ മാതൃകയായി തീർന്നിട്ടുണ്ട്. പ്രാഥമികവും, ദ്വിതീയവുമായി ലഭ്യമായ എല്ലാ വിവരങ്ങളും ശേഖരിക്കുകയും അവയുടെ സൂക്ഷമമായ വിശകലനത്തിലൂടെ സമഗ്ര വികസനത്തിന്റെ വഴിതെളിയിച്ചെടുക്കുകയും ചെയ്യുന്നതാണ് ഈ ഡി.പി.ആർ.

ഐ.ഡബ്ല്യു.എം.പി പദ്ധതിയുടെ എൻട്രിപോയിന്റ് ആക്ടിവിറ്റികളുടെ ഭാഗമായി ജനോപകാരപ്രദമായ നിരവധി പദ്ധതികളാണ് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. നാശോൻമുഖമായ ജല സ്രോതസ്സുകളുടെ പുന:രുദ്ധാരണവും, സംരക്ഷണവും, മേൽക്കൂരയിലെ മഴവെള്ളം സംഭരിക്കുന്നതിനും കിണറുകളിലേയ്ക്ക് റീചാർജ്ജ് ചെയ്യുന്നതിനുമുള്ള പദ്ധതികൾ, തടയണകൾ, കല്ലു കൈയ്യാലകൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഇതിലൂടെ നടപ്പിലാക്കി വരുന്നു.



കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്കിൽ വാണിമേൽ ഗ്രാമപഞ്ചായത്തിലെ ചേലത്തോട് നീർത്തടത്തിൽ മുച്ചങ്കയത്ത് നിർമ്മിച്ച ഗള്ളിപ്ലഗ്ഗിംഗ്, എൻട്രി പോയിന്റ് ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി ജനോപകാരപ്രദമായ പദ്ധതികൾ എങ്ങനെ നടപ്പാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ആദിവാസി ജന വിഭാഗമായ കുറിച്യരും കുടിയേറ്റ കർഷകരും അധിവസിക്കുന്ന ഈ പ്രദേശത്ത് വേനൽക്കാലത്ത് അനുഭവപ്പെടുന്ന രൂക്ഷമായ ജല ദൗർലഭ്യം പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിൽ മൂന്നിടങ്ങളിലായി തടയണ നിർമ്മിച്ച് നീർച്ചാലിലൂടെ ഒഴുകിപ്പോകുന്ന ജലത്തെ തടഞ്ഞുനിർത്തുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്.



ആകെ 1,02,000/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ പദ്ധതിയിലൂടെ 100 ഏക്കറോളം വരുന്ന കൃഷി ഭൂമിയിൽ ജലസേചനം എത്തിക്കുവാനും ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് ഒരളവോളം പരിഹാരം കണ്ടെത്തുവാനും സാധിച്ചിട്ടുണ്ട്. തൂണേരി ബ്ലോക്കിൽത്തന്നെ ചേലത്തോട് നീർത്തടത്തിലെ മാടഞ്ചേരി പ്രദേശത്ത് എൻട്രിപോയിന്റ് ആക്റ്റിവിറ്റിയിൽ ഉൾപ്പെടുത്തി 4 ഏക്കർ സ്ഥലത്ത് ആരംഭിച്ച കര നെൽകൃഷിയും എടുത്തുപറയേണ്ടുന്ന ഒരു പ്രവർത്തനമാണ്.





തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്കിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലാമ്പ്ര തോടിന്റെ പുനരുദ്ധാരണവും വി.സി.ബി. നിർമ്മാണവും ഐ.ഡബ്ല്യു.എം.പി പദ്ധതിയുടെ എൻട്രിപോയിന്റ് ആക്റ്റിവിറ്റിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മറ്റൊരു മാതൃകാ പദ്ധതിയാണ്. വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് 7 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഈ പ്രവർത്തിയിലൂടെ 52 ഏക്കർ പ്രദേശത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിച്ചു. കൂടാതെ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനും ഈ പദ്ധതി സഹായകമാണ്.

തൃശ്ശൂർ ജില്ലയിലെതന്നെ വടക്കാഞ്ചേരി ബ്ലോക്കിൽ നടപ്പിലാക്കുന്ന കിണർ റീ ചാർജ്ജിങ്ങ് പ്രവർത്തനമാണ് മറ്റൊരു വിജയകരമായ മാതൃക. പദ്ധതി പ്രദേശത്ത് നൂറുകണക്കിന് കിണറുകൾ പുരപ്പുറത്തു വീഴുന്ന വെള്ളം സംഭരിച്ച് റീ ചാർജ്ജ് ചെയ്യുന്നതിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്താനും അതിലൂടെ കുടിവെള്ളലഭ്യത മെച്ചപ്പെടുത്താനും കഴിയുന്നു. ഉദാഹരണമായി കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദിവാസി വിഭാഗമായ നായാടികളുടെ ആവാസപ്രദേശമായ മാണ്ടൻപറമ്പ് കോളനിയിലെ 20 കിണറുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി റീ ചാർജ്ജ് ചെയ്തതിലൂടെ ഈ പ്രദേശത്തെ ജല ദൗർലഭ്യത്തിന് വലിയൊരളവോളം പരിഹാരം കണ്ടെത്താനായിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്കിലെ കണ്ണിലാംതോട് നീർത്തടത്തിൽ ഒരു പാടശേഖരത്തിന്റെ ഭാഗമായി 200 ലേറെ കർഷകർക്ക് പ്രയോജനം ചെയ്യുന്ന കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം ഐ.ഡബ്ല്യു.എം.പി പദ്ധതിയുടെ എൻട്രി പോയന്റ് ആക്റ്റിവിറ്റിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുകയുണ്ടായി. നിലവിൽ ഉപയോഗശൂന്യമായിക്കിടന്നിരുന്ന ഈ കുളം 3.25 ലക്ഷം രൂപ ചെലവഴിച്ച് ആഴംകൂട്ടി വൃത്തിയാക്കുകയും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യുകയുണ്ടായി. ഇതിലൂടെ ഈ കുളത്തിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനും സമീപപ്രദേശത്ത് ഭൂഗർഭ ജലലഭ്യത മെച്ചപ്പെടുത്താനും കഴിഞ്ഞു. കൂടാതെ പ്രദേശത്തെ നെല്ല്, പച്ചക്കറി എന്നീ കൃഷിക്കാവശ്യമായ ജലം ആവശ്യാനുസരണം ലഭ്യമാക്കുവാനും ഈ പദ്ധതി സഹായകരമാകും. ഒരു സ്വകാര്യകമ്പനി ഈ പ്രദേശത്ത് നടത്തിവന്നിരുന്ന മണ്ണ് ഖനനം തടയാനും ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിലൂടെ സാധിച്ചു.

IWMP പദ്ധതിയിലൂടെ ഐ.ഇ.സിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ലോകപരിസ്ഥിതി ദിനം, ഭൗമദിനം, ജലദിനം തുടങ്ങിയവയോടനുബന്ധിച്ച് വിവിധ ജില്ലകളിലും ബ്ലോക്കുകളിലും വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതുന്ന പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ എന്നിവയിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയുണ്ടായി. സാമൂഹ്യ വനവത്കരണ പരിപാടിയുമായി സഹകരിച്ചുകൊണ്ട് വ്യാപകമായി ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിച്ചു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ്, ചിത്രരചന, പെയിന്റിംഗ് തുടങ്ങി വിവിധ മത്സര പരിപാടികളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംസ്ഥാനത്തൊട്ടാകെ ഏറ്റെടുക്കുകയുണ്ടായി. സ്വയം സഹായ സംഘങ്ങളുടെ നേതൃത്വത്തിൽ കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവും, വില്പനയും, ഡയറി ഡവലപ്പ്മെന്റ് വകുപ്പിന്റെ സഹകരണത്തോടെ പാലുൽപന്ന വിഭവങ്ങളുടെ പ്രദർശനം, മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചുകൊണ്ട് കന്നുകാലി പ്രദർശനവും മെഡിക്കൽ ക്യാമ്പും തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

നിലവിലെ വികസന സങ്കൽപ്പങ്ങളെ മാറ്റി മറിച്ച് പ്രകൃതിയോടിണങ്ങി നമ്മുടെ കാർഷിക സംസ്കൃതിയെ തിരിച്ചു പിടിക്കാൻ സഹായകരമായ ഒരു പദ്ധതിയെന്ന നിലയിൽ സംസ്ഥാനമൊട്ടാകെ കണങ്ങജ പദ്ധതി തിരിച്ചറിയപ്പെട്ടിരിക്കുന്നു. നമ്മുടെ മണ്ണും, ജലവും, ജൈവ വൈവിധ്യവും സംരക്ഷിക്കാനും അതിലൂടെ ദുർബല ജന വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിലൂടെ കഴിയും. കൂടാതെ അശാസ്ത്രീയമായ വികസന സങ്കല്പ്പങ്ങളും അമിതമായ വിഭവ ദുരുപയോഗവും ഒഴിവാക്കി എല്ലാക്കാലത്തും എല്ലാതലമുറകൾക്കും അനുഭവവേദ്യമാകുന്ന തരത്തിലുള്ള പുത്തൻ വികസന മാതൃകകൾ സൃഷ്ടിക്കാനും ഈ പദ്ധതിയിലൂടെ കഴിയുമെന്ന് ഇതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ ബോധ്യമായിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവ്വഹണം കൂടുതൽ ആത്മാർത്ഥതയോടെയും കാര്യക്ഷമമായും മുന്നോട്ടുകൊണ്ടുപോകേണ്ടത് നമ്മുടെ നാടിന്റെ മാത്രമല്ല ഈ ഭൂമിയിൽ ഇനി വരാനിരിക്കുന്ന തലമുറകളുടെയും ശോഭനമായ ഭാവിയ്ക്ക് അത്യന്താപേക്ഷിതമാണ് എന്ന കാര്യത്തിൽ സംശയമില്ല.●



# ശങ്കർ

# ദ ഗ്രേറ്റ് കാർട്ടൂണിസ്റ്റ്

**കെ ശങ്കരപ്പിള്ള, കായംകുളം ഇല്ലിക്കുളത്തെ ശങ്കരപ്പിള്ള. പിള്ള പിന്നെ ആരായി. ഒരൊറ്റ വാചകം മതി. ജവഹർലാൽ നെഹ്റു പറഞ്ഞത്. Do not spare me Sankar ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ കുലപതിയായ ശങ്കർക്ക് ഇതിൽപ്പരം ഒരഭിനന്ദനമുണ്ടോ.**

വൈ എ റഹീം

**കെ** ശങ്കരപ്പിള്ള, കായംകുളം ഇല്ലിക്കുളത്തെ ശങ്കരപ്പിള്ള. പിള്ള പിന്നെ ആരായി. ഒരൊറ്റ വാചകം മതി. ജവഹർലാൽ നെഹ്റു പറഞ്ഞത്. "Do not spare me Sankar" ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ കുലപതിയായ ശങ്കർക്ക് ഇതിൽപ്പരം ഒരഭിനന്ദനമുണ്ടോ. വയസ്സാം കാലത്തും ശങ്കർ പറഞ്ഞു. നോ ഐ ആം നോട്ട് എ കാർട്ടൂണിസ്റ്റ്. നൗ ഐ ആം എ ചൈൽഡ് (ഞനൊരു കുട്ടിയാണ്". ശങ്കർ ഒരു ലെജന്റായിരുന്നു. കോളേജിൽ പഠിക്കുന്ന കാലത്ത് ഞങ്ങൾ ശങ്കേഴ്സ് വീക്കിലി റെയിൽവേ സ്റ്റേഷനിൽ നിന്നാണ് വാങ്ങുക. അവിടെ മാത്രമേ കിട്ടുകയുള്ളു. ചുവന്ന ടൈറ്റിൽ കറുത്ത വര. താഴെ ഒരു ചെറുപരസ്യം. ഇന്ത്യയിലെ



**രോഗശയ്യയിൽ ആയിരുന്നപ്പോൾ ശങ്കർ അവസാനമായി വരച്ച നെഹ്റുവിന്റെ ചിത്രം.**

ആദ്യത്തെ കാർട്ടൂൺ മാസികയിലേക്ക് 1973-74-75 കാലത്ത് ഈ ലേഖകനും കുറെ ചിത്രങ്ങൾ അയച്ചു. പലതും അച്ചടിച്ചുവന്നു. 10,15,20 രൂപ മണി ഓർഡറായിട്ടും വന്നു. ഒടുവിൽ 1975 ആദ്യം ഞാൻ ശങ്കർക്ക് ഒരു കത്തെഴുതി. അബു, യേശുദാസൻ, കുട്ടി, ഗഫൂർ എന്നിവരെയൊക്കെ പരിശീലിപ്പിച്ചയാളല്ലേ. എനിക്കും ശങ്കേഴ്സ് വീക്കിലിയിൽ ഒരു പണി കിട്ടിയാൽ കൊള്ളാം. അതിന് ശങ്കറുടെ മറുപടി

"ലെറ്റ് മീ സീ"

1975ൽ അടിയന്തരാവസ്ഥയോടെ വീക്കിലി പൂട്ടി...

* * * * * * * * * * * * * * *

കായംകുളത്ത് നിന്ന് അന്ന് ചാടിപ്പോയ ശങ്കരപ്പിള്ള ബോംബെയിലാണ് പൊങ്ങുന്നത്. നരോത്തം മൊറാർജി എന്ന ഷിപ്പിംഗ് കമ്പനിയിൽ ക്ലർക്കായി.



**കോളേജിൽ പഠിക്കുന്ന കാലത്ത് ഞങ്ങൾ ശങ്കേഴ്സ് വീക്കിലി റെയിൽവേ സ്റ്റേഷനിൽ നിന്നാണ് വാങ്ങുക. അവിടെ മാത്രമേ കിട്ടുകയുള്ളു. ചുവന്ന ടൈറ്റിൽ കറുത്ത വര. താഴെ ഒരു ചെറുപരസ്യം.**

അവിടെ നിന്ന് ചാടി ഡൽഹിയിൽ എത്തുന്നു. കുറെ സുഹൃത്തുക്കളുണ്ട്. ആദ്യം ചില പത്രങ്ങളിൽ പ്രവർത്തിച്ചു. ഇഷ്ടമല്ലാതെ വന്നപ്പോൾ രാജിവെച്ചു. സുഹൃത്തുക്കൾ പറഞ്ഞു. നമുക്കൊരു പ്രസിദ്ധീകരണം തുടങ്ങാം.

സുഹൃത്തുക്കൾ (എടത്തിട്ട, പോത്തൻ ജോസഫ്, ചലപതി റാവു, കെ രാമകൃഷ്ണൻ) അങ്ങനെ ശങ്കേഴ്സ് വീക്കിലിയുടെ ഉദയമായി.

ശങ്കരമ്മാവൻ പിന്നെ കയറുകയായിരുന്നു. അന്താരാഷ്ട്ര കുട്ടികളുടെ ചിത്രരചനാ മത്സരം, ചിൽഡ്രൻസ് വേൾഡ് മാസിക, ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്, വേൾഡ് മ്യൂസിയം എന്നിങ്ങനെ. നെഹ്റുവിന്റെ സഹായമായിരുന്നു എല്ലാറ്റിനും. പിന്നെ പുരസ്കാരങ്ങൾ -പത്മശ്രീ-1955, പത്മഭൂഷൺ 1966, പത്മവിഭൂഷൺ 1979, ഓർഡർ ഓഫ് ദ സ്മൈൽ 1977 (പോളണ്ട്), ദ ഹാമിൽട്ടൺ അവാർഡ് (1979 യു എൻ), കമ്മറേറ്റീവ് കൾച്ചറൽ റിലേഷൻസ് (1980), ഓർഡർ ഓഫ് ദ സെയിന്റ് ഫോർചുണേറ്റ് (1980), ഇന്തോ ചെക്ക് ഗോൾഡ് മെഡൽ (1980) അവാർഡുകളുടെ ഇനിയും എത്രയോ വലുതാണ്. പലപ്പോഴും പത്രത്തിൽ കാർട്ടൂൺ അച്ചടിച്ച് വരുമ്പോഴായിരിക്കും എഡിറ്റർ അത് കാണുക. അത്ര സ്വാതന്ത്ര്യമായിരുന്നു.

പലർക്കും പരിഹാസം ഇഷ്ടമായില്ല. വൈസ്രോയിയുടെ എക്സിക്യൂട്ടിലെ ഒരു കൗൺസിലർ ശങ്കറിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ ശങ്കറിനെ വെടിവെച്ച് കൊല്ലണമെന്ന് ഒരു ഹിന്ദുമഹാസഭാംഗം ആവശ്യപ്പെട്ടത്.

അതേസമയം, ഗാന്ധിജിയും വൈസ്രോയിമാരും ശങ്കറിനെ സ്നേഹപൂർവ്വം എതിരേറ്റു.

വൈസ്രോയിമാർ കൊടുത്ത ചെക്കുകൾ അദ്ദേഹം ബാങ്കിൽ കൊടുക്കാതെ മൊമെന്റോ ആയി വച്ചിരിക്കുകയാണ്.

* * * * * * * * * * * * * * * *

ശങ്കറിനെപ്പറ്റി മലയാളികൾക്ക് അധികമൊന്നും അറിയില്ല. ശങ്കർ മരിച്ചപ്പോൾ മാത്രമാണ് കുറേ ഫീച്ചറുകൾ വന്നത്.

മുൻപ് ബി സി ജോജോ കേരള കൗമുദി ഡൽഹി ലേഖനായിരുന്നപ്പോൾ ഒരു ഫീച്ചർ വന്നിരുന്നു.

പിന്നെ 1986ൽ ശങ്കർ അവസാനമായി കേരളത്തിൽ വന്നു. കൊച്ചിയിൽ ഡിലോപ്പ് ഹോട്ടലിൽ വെച്ച് യേശുദാസനോട് ചോദിച്ചു. 'വൺ റഹീം പർച്ചേസ്ഡ് മൈ ബുക്ക് വിത്ത് മൈ ആട്ടോഗ്രാഫ്- ഐ വാണ്ട് ടു സീ റഹിം"

യേശുദാസൻ വിളിച്ചുപറഞ്ഞു. അടുത്ത ദിവസം ഞാൻ (കാട്ടയ്ക്കൽ ആശുപത്രിയിൽ എത്തി.

ഒരു സമയം ചോദിച്ചപ്പോൾ ഭാര്യ തങ്കം പറഞ്ഞു. നാളെ 3 മണി.

ഞാൻ കുറെസമയം സംസാരിച്ചു

1986 മാർച്ചിലെ കലാ കൗമുദി

അത് പ്രസിദ്ധീകരിച്ചു പല തവണ അച്ചടിച്ച കാരണം അത് ആവർത്തിക്കുന്നില്ല.

എന്റെ എല്ലാ സ്വപ്നങ്ങളും പൂവണിഞ്ഞു.

കയ്യിൽ നൂറു രൂപയുമായി ഭാരത പര്യടനത്തിനിറങ്ങുക. യാത്ര നിർത്തരുത്. മദ്രാസിലെത്തും മുമ്പ് 100 രൂപയും തീർക്കുക. യാത്ര നിർത്തരുത്. ഭാരതമാകെ ചുറ്റിക്കണ്ടിട്ട് തിരികെ വരിക. അത്തരം ഒരു യാത്ര തരുന്ന ഊർജ്ജം ചെറുതല്ല"

വീണ്ടും ശങ്കർ പറഞ്ഞു. കാർട്ടൂണിസ്റ്റ് ശങ്കർ ഈസ് എ സിംപിൾ ഫൂൾ.

ഇപ്പോൾ ശങ്കറിന് കേരള സർക്കാരിന്റെ ഒരു സ്മാരകം ജന്മനാട്ടിൽ വരുന്നു. ഈ നൂറ്റി പതിനൊന്നാം ജന്മദിനത്തിൽ. വരയുടെ കുലപതിയായ മഹാനായ ഈ മലയാളി എന്നെന്നും ഓർമ്മിക്കപ്പെടും.●



കാർട്ടൂണിസ്റ്റ്, എഴുത്തുകാരൻ, പ്രസാധകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു വൈ.എ. റഹീം. വരയുടെ കുലപതിയായ കാർട്ടൂണിസ്റ്റ് ശങ്കറിനെക്കുറിച്ച് "ഗ്രാമഭൂമി"ക്ക് നൽകിയ ഈ കുറിപ്പ് അദ്ദേഹത്തിന്റെ അവസാന രചനയാകുമെന്ന് കരുതിയില്ല. "കാർട്ടൂൺ" എന്ന അദ്ദേഹത്തിന്റെ കൃതി കാർട്ടൂൺ ചരിത്ര ഗ്രന്ഥങ്ങളിൽ മികച്ചതാണ്. അകാലത്തിൽ അന്തരിച്ച റഹീമിന് ആദരാഞ്ജലികൾ.

*- എഡിറ്റർ*

